22
ഫെബ്രുവരി
2025

# ക്രൈസ്തവ ചിന്ത

ക്രൈസ്തവ സാംസ്കാരിക പത്രിക


www.cchintha.com

www.facebook.com/christhavachintha | പുസ്തകം 24 | ലക്കം 298 | കോട്ടയം | വാർഷിക വരിസംഖ്യ 200.00 | പേജ് 10

# ക്യാൻസറിനെതിരെ വാക്സിൻ വരുന്നു; സ്ത്രീകൾക്ക് ആശ്വാസം

ന്യൂഡൽഹി:സ്ത്രീകൾക്കുള്ള കാൻസർ വാക്സിൻ ആറ് മാസത്തിനുള്ളിൽ ലഭ്യമാകുമെന്ന് കേന്ദ്ര മന്ത്രി പ്രതാപ് റാവു ജാദവ്. ഒമ്പതിനും 16 ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് വാക്സിനേഷൻ നൽകുമെന്നും മന്ത്രി പറഞ്ഞു.

ചൊവ്വാഴ്ച നടന്ന വാർത്താ സമ്മേളനത്തിലാണ് കേന്ദ്ര ആരോഗ്യ, കുടുംബക്ഷേമ, ആയുഷ് സഹമന്ത്രിയായ പ്രതാപ് റാവു ജാദവ് നിർണായക വിവരം അറിയിച്ചത്. വാക്സിനായുള്ള ഗവേഷണം അവസാന ഘട്ടത്തിലാണെന്നും പരീക്ഷണം നടന്നു കൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.



രാജ്യത്ത് അർബുദ രോഗികളുടെ എണ്ണം ഗണ്യമായി ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പ്രതിരോധ നടപടികളും ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 30 വയസ് കഴിഞ്ഞ സ്ത്രീകൾക്ക് ആശുപത്രികളിൽ പരിശോധനയും ആദ്യഘട്ടത്തിൽ തന്നെ രോഗം കണ്ടെത്താനായി ഡേ കെയർ സെന്ററുകൾ സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു.

കാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കിയതായും മന്ത്രി അറിയിച്ചു.

സ്ത്രീകളെ ബാധിക്കുന്ന അർബുദങ്ങൾക്കെതിരെയുള്ള വാക്സിൻ ഗവേഷണം അവസാനഘട്ടത്തിലാണെന്നും പരീക്ഷണം നടന്നു കൊണ്ടിരിക്കുകയാണെന്നുമാണ് മന്ത്രി അറിയിച്ചത്. അഞ്ചോ ആറോ മാസത്തിനുള്ളിൽ വാക്സിൻ ലഭ്യമാകുമെന്നും മന്ത്രി പ്രതീക്ഷ പ്രകടിപ്പിച്ചു. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയമുഖ കാൻസർ, ഓറൽ കാൻസർ എന്നിവയ്ക്കെതിരെയുള്ള വാക്സിനാണ് എത്തുന്നത്.

## പാസ്റ്റർ മത്തായി ജോർജ്ജ് ആനന്ദപ്പള്ളി നിത്യതയിൽ ചേർക്കപ്പെട്ടു



അടൂർ:അസംബ്ലീസ് ഓഫ് ഗോഡ് സമൂഹത്തിലെ ഒരു സീനിയർ ശുശ്രൂഷകനായിരുന്ന ആനന്ദപ്പള്ളി രാജൻ ബംഗ്ലാവിൽ പാസ്റ്റർ മത്തായി ജോർജ് നിത്യ വിശ്രമത്തിലേക്ക് ചേർക്കപ്പെട്ടു.

ചില മാസങ്ങളായി ശാരീരിക ക്ഷീണത്തെ തുടർന്ന് ഭവനത്തിൽ വിശ്രമിച്ചു വരികയായിരുന്ന പാസ്റ്റർ മത്തായി ജോർജ് ഇന്നു രാവിലെ 07:15-നാണ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയത്.

ഡോ. രാജൻ ജോർജ്, പരേതനായ ഇവാ. സൈമൺ ജോർജ്, ഡോ. എ.കെ ജോർജ്, ജെയിംസ് ജോർജ്, സജിമോൻ ജോർജ്, സിസിലി ഡാനിയൽ, നാൻസി സാമുവൽ എന്നിവരാണ് മക്കൾ.

കോന്നി ഒഴുമണ്ണിൽ കുടുംബാംഗമായ പരേതയായ ശോശാമ്മ ജോർജ് ആയിരുന്നു സഹധർമ്മിണി.

പാസ്റ്റർ ജോസഫ് ഡാനിയേൽ, പാസ്റ്റർ സുജിൻ സാമുവൽ എന്നിവരും സുപ്രസിദ്ധ സുവിശേഷ പ്രഭാഷക സാറ കോവൂരും പരേതന്റെ ജാമാതാക്കളാണ്.

കേരളത്തിനകത്തും പുറത്തുമുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ മത്തായി ജോർജ്ജും തന്റെ മക്കളും എല്ലാകാലത്തും ഒരു കൈത്താങ്ങായിരുന്നു.

## ഹമാസ് കസ്റ്റഡിയിലിരിക്കെ മരിച്ച ഷിരി ബിബാസിന്റെ മൃതദേഹം ഇസ്രയേലിന് വിട്ടുകൊടുത്തു

ടെൽ അവീവ്: ഹമാസ് കസ്റ്റഡിയിലിരിക്കെ മരിച്ച ഇസ്രയേൽ യുവതിയും 2 മക്കളുടെ അമ്മയുമായ ഷിരി ബിബാസിന്റെ മൃതദേഹം ഒടുവിൽ ഹമാസ് കൈമാറി. ആശയക്കുഴപ്പങ്ങൾക്കൊടുവിൽ യഥാർത്ഥ മൃതദേഹം റെഡ്ക്രോസിന് കൈമാറിയെന്നാണ് അന്താരാഷ്ട്ര മാധ്യമ റിപ്പോർട്ടുകൾ.

മൃതദേഹം പരിശോധിച്ച് ഉറപ്പിക്കാൻ നടപടി തുടങ്ങിയതായി ഇസ്രയേൽ അറിയിച്ചു. നേരത്തെ കൈമാറിയ നാല് മൃതദേഹങ്ങളിൽ ഷിരി ബിബാസിന്റെ





മൃതദേഹം ഇല്ലായിരുന്നുവെന്ന് ഇസ്രയേൽ അറിയിച്ചിരുന്നു. പകരം ഒരു അജ്ഞാത മൃതദേഹമാണ് ലഭിച്ചത്. ഇത് പരിശോധിക്കുമെന്നറിയിച്ച ഹമാസ്, പിന്നീടാണ് യഥാർത്ഥ മൃതദേഹം കൈമാറിയത്. ഇതോടെ, സംഭവം വെടിനിർത്തൽ കരാറിനെ ബാധിക്കുമെന്ന ആശങ്കയാണ് പതിയെ ഇല്ലാതായത്. അതേസമയം, ഇവർ മരിച്ചത് ഹമാസ് കസ്റ്റഡിയിലിരിക്കെ ഇസ്രയേൽ നടത്തിയ ആക്രമണത്തിലാണെന്ന ആരോപണത്തെച്ചൊല്ലി തർക്കം തുടരുകയാണ്.

## 270 കിലോ ഭാരം ഉയർത്തുന്നതിനിടെ ബാലൻസ് തെറ്റി, കഴുത്തൊടിഞ്ഞ് 17 – കാരിക്ക് ദാരുണാന്ത്യം

ബികാനെർ: ദേശീയ ജൂനിയർ ഗെയിംസിൽ സ്വർണമെഡൽ നേടിയ പവർ ലിഫ്റ്റിങ് താരത്തിന് ദാരുണാന്ത്യം. രാജസ്ഥാനിലെ ബികാനെറിലെ ജിമ്മിൽ പരിശീലനത്തിനിടെ യാഷ്തിക ആചാര്യയെന്ന 17-കാരിയാണ് മരിച്ചത്.

270 കിലോ ഭാരം ഉയർത്തുന്നതിനിടെ ബാർബെൽ വീണ് ബാലൻസ് തെറ്റി നിലത്തുവീണ യാഷ്തികയുടെ കഴുത്ത് ഒടിയുകയായിരുന്നു.

പരിശീലകന്റെ സഹായത്തോടെ 270 കിലോ സ്ക്വാട്ടിന് തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു യാഷ്തിക. വെയ്റ്റ് ബാർ തോളിലെടുത്തതിന് പിന്നാലെ ഇവർക്ക് ബാലൻസ് തെറ്റി. ഗ്രിപ്പിൽനിന്ന് തെന്നിമാറിയ ബാർ അവരുടെ കഴുത്തിൽ വീഴുകയായിരുന്നു. അപകടത്തിൽ പരിശീലകനും പരിക്കേറ്റു.

പെട്ടെന്നുതന്നെ യാഷ്തികയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇതിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിക്കുകയും ചെയ്തു. പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം കുടുംബത്തിന് കൈമാറി. അപകടത്തിൽ കുടുംബം പരാതി നൽകിയിട്ടില്ലെന്നും അന്വേഷണം ആരംഭിച്ചതായും പോലീസ് വ്യക്തമാക്കി.



അടുത്തിടെ നടന്ന രാജസ്ഥാൻ സ്റ്റേറ്റ് സബ് ജൂനിയർ ആന്റ് സീനിയർ പുരുഷ,വനിത എക്വിപ്പ്ഡ് ബെഞ്ച് പ്രസ് ചാമ്ബ്യൻഷിപ്പിൽ യഷ്തിക സ്വർണം നേടിയിരുന്നു. ഗോവയിൽ നടന്ന 33-ാമത് ദേശീയ ബെഞ്ച് പ്രസ് ചാമ്ബ്യൻഷിപ്പിൽ എക്വിപ്പ്ഡ് വിഭാഗത്തിൽ സ്വർണവും ക്ലാസിക് വിഭാഗത്തിൽ വെള്ളിയും സ്വന്തമാക്കിയിരുന്നു.

## മാർപാപ്പ പദവി ഒഴിയാൻ സാധ്യത; ആരോഗ്യനിലയിൽ പുരോഗതിയുള്ളതായി വത്തിക്കാൻ

വത്തിക്കാൻ : ശ്വാസകോശ അണുബാധയെയും ന്യുമോണിയയെയും തുടർന്ന് ചികിത്സയിലുള്ള ഫ്രാൻസിസ് മാർപാപ്പ പദവിയൊഴിഞ്ഞേക്കുമെന്ന് സൂചന. വത്തിക്കാനിലെ സുപ്രധാന ചുമതലയുള്ള ആർച്ച് ബിഷപ്പുമാരാണ് ഇതുസംബന്ധിച്ച സൂചന നൽകിയത്.

ആരോഗ്യനില മെച്ചപ്പെട്ടില്ലെങ്കിൽ ഫ്രാൻസിസ് മാർപാപ്പ സ്ഥാനം ഒഴിയുമോയെന്ന മാധ്യമങ്ങളുടെ ചോദ്യത്തിന് ‘എല്ലാത്തിനും സാധ്യതയുണ്ട്’ എന്നായിരുന്നു ഫ്രാൻസിലെ മാർസെ ആർച്ച് ബിഷപ് ജീൻ മാർക് അവേലിൻ പ്രതികരിച്ചത്. ഫ്രാൻസിസ് മാർപാപ്പ ആശുപത്രിയിലാണെങ്കിലും സഭയുടെ ജീവിതം തുടരും എന്നാണ് ബാഴ്സലോണ ആർച്ച് ബിഷപ് ജുവാൻ ജോസ ഒമെല്ല മറുപടി നൽകിയത്.

കർദിനാൾ ജിയാൻഫ്രാങ്കോ രവാസിയും സമാനമായ രീതിയിൽ പ്രതികരിച്ചിരുന്നു. വിശ്വാസികളുമായി നേരിട്ട് ഇടപഴകാൻ കഴിയുന്നില്ലെങ്കിൽ രാജിവയ്ക്കാൻ ഫ്രാൻസിസ് മാർപാപ്പ തീരുമാനിക്കുമെന്ന് ഉറപ്പാണ്- എന്നാണ് കർദിനാൾ പ്രതികരിച്ചത്.



ആരോഗ്യനില മോശമായാൽ പദവിയൊഴിയുന്നതിനായി നൽകേണ്ട രാജിക്കത്ത് തയ്യാറാക്കി വച്ചിട്ടുണ്ടെന്ന് മാർപാപ്പ മുമ്പ് വെളിപ്പെടുത്തിയിരുന്നു. ഈമാസം 14 മുതൽ ചികിത്സയിലുള്ള മാർപാപ്പയ്ക്ക് ശ്വാസകോശത്തിൽ അണുബാധയുണ്ട്. ന്യുമോണിയ സ്ഥിരീകരിച്ചു.

എന്നാൽ, മാർപാപ്പയുടെ ആരോഗ്യനിലയിൽ പുരോഗതിയുള്ളതായി വത്തിക്കാൻ അറിയിച്ചു. ഭക്ഷണം കഴിക്കുന്നുണ്ട്. കസേരയിൽ ഇരുന്നുകൊണ്ട് സ്വന്തം ചുമതലയുടെ ഭാഗമായ ജോലികൾ മാർപാപ്പ നിർവഹിക്കുന്നുണ്ട്.

ക്രൈസ്തവ ചിന്ത

പത്രാധിപ സമിതി

ചെയർമാൻ
**മാമ്മൻ ചെമ്പകശ്ശേരിൽ**

ചീഫ് എഡിറ്റർ
**കെ. എൻ. റസ്സൽ**

എഡിറ്റർ ഇൻ ചാർജ്ജ്
**എം. പി. ടോണി**

എഡിറ്റർ
**അനീഷ് എം. ഐപ്പ്**
**ഷാജി ആലുവിള**

ഓവർസീസ് എഡിറ്റർ
**വർഗ്ഗീസ് ചാക്കോ ഷാർജ**

മാനേജർ
**കെ. പി. ജോൺ**

CO-ORDINATORS ABROAD

**Wilson Tharakan,** Dallas
**Manu Philip,** Florida
**Giji John,** Detroit
**Reji Thomas,** Dallas
**K.V. Joseph,** Tennessee
**P.G. Varghese,** Oklahoma
**Ninan Mathulla,** Houston
**Mathew Thomas,** Arizona
**Babukutty George,** Philadelphia
**James Thekkemannil,** New Jersey
**Philip Daniel,** New York
**Jimmy,** New York
**Wilson Abraham,** London, England
**Sabu Philip,** Liverpool, England
**K.P. Bijumon,** Ireland
**P.P. Baiju,** Oman

CO-ORDINATORS

**T.A. Abraham** (Nilambur)
**Sam U. Elambal** (Kollam)
**Gigi Chacko** (Pathanamthitta)
**Paul Mala** (Thrissur)
**Baiju Kariyampady** (Wayanad)
**Joy Mulackal** (Wayanad)
**P.G. Samuel** (Nilambur)
**Benny Joseph** (Kochi)
**Binu N. Baby** (Ernakulam)
**Sabu Kurian Thottiparambil** (Nedumkandom)
**Pratheesh Joseph** (Palakkad)
**Lalu Thomas** (Kottayam)
**Lancen P. Mathai** (Bangalore)
**N.V. Varghese** (Mumbai)
**M.J. Mathew** (Pathanapuram)
**Sunil P. Thomas** (Kuttiyadi)
**Biju Antony** (Thodupuzha)
**David John** (Kasargod)
**Regi Mallassery** (Pathanapuram)
**Aniyankunju Chediyath** (Pathanamthitta)
**Finny Attappady** (Palakkad)
**Prabhath T. Thankachan** (Chennai)
**P.R. Radhakrishnan** (Rajasthan)

# ആസ്ട്രേലിയിൽ 200 മുസ്ലീം പള്ളികളുടെ നിർമ്മാണം നിരോധിച്ചു; യഹൂദരെ കൊല്ലാൻ നഴ്സുമാരുടെ സന്ദേശം

ഓസ്ട്രേലിയയിലെ ഒരു ആശുപത്രിയിൽ അഡ്മിറ്റായ ഇസ്രയേൽ 'ജൂയിഷ്' കമ്മ്യൂണിറ്റിയിൽ പ്പെട്ടവരെ ഏതെങ്കിലും രീതിയിൽ, മരുന്നുകൾ നൽകി കൊലപ്പെടുത്തണമെന്ന് അവിടുത്തെ നഴ്സുമാർ സന്ദേശം കൈമാറിയതായി മാത്യു ശാമുവൽ തെഹൽക വെളിപ്പെടുത്തുന്നു.



ഓസ്ട്രേലിയയിലെ ഡിസ്നിയിൽ നിന്നും 32 കിലോമീറ്റർ മാറി ബാക്ക്സ്റ്റോൺ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി ജീവനക്കാർ ടിക്ക് ടോക്കിലൂടെയാണ് ഭയാനകമായ വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

ഇസ്രയേലിലുള്ള ടിക്ക് ടോക്ക് സോഷ്യൽമീഡിയ ഇൻഫളുവൻസിനോട് സംസാരിച്ചത് രണ്ട് നഴ്സുമാരാണ് .ഇക്കാര്യങ്ങൾ പറയുന്ന ഒരാൾ പാലസ്ത്യനും, മറ്റേയാൾ അഫ്ഗാനിസ്ഥാനിയുമാണ്.

ഓസ്ട്രേലിയൻ ആശുപത്രികളിൽ മുസ്ലീമുകൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ ആ ആശുപത്രിയിലേക്ക് ചികിത്സയ്ക്ക് പോകാൻ പോലും ഓസ്ട്രേലിയക്കാർ തയ്യാറാകുന്നില്ല. ഇക്കാര്യങ്ങൾ വ്യാപകമായി സോഷ്യൽ മീഡിയകളിൽ കൂടി പലയാവർത്തി അവിടെയുള്ള ജനത പറഞ്ഞു കഴിഞ്ഞതാണ്. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് രണ്ടും മുസ്ലിം മതസ്ഥരായ ആരോഗ്യ പ്രവർത്തകരുടെ വെളിപ്പെടുത്തലിലൂടെ പ്രശ്നങ്ങൾ വളരെ സങ്കീർണമായി തീർന്നത്.. ഇതു വലിയ പ്രത്യഘാതങ്ങൾക്ക് കാരണമായി.

ഓസ്ട്രേലിയൻ മാധ്യമങ്ങൾ ഇതു തന്നെയാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്നത്. ഓസ്ട്രേലിയൻ ഭരണ – പ്രതിപക്ഷ കക്ഷികളും ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് ഒരേ സ്വരത്തിൽ നിലപാടെടുത്തു കഴിഞ്ഞു. ഇതോടുകൂടി മുസ്ലിം വിഭാഗത്തിനോട് ഒന്നിച്ച് നടക്കാനോ അവരുമായി ഫോൺ സംഭാഷണം ചെയ്യുവാനോ പോലും ഓസ്ട്രേലിയക്കാർക്ക് ഭയമായി.

ഇതിൻെറ പ്രത്യാഘാതം വളരെ രൂക്ഷമായി പ്രതിഫലിച്ചു തുടങ്ങി. ഓസ്ട്രേലിയൻ ഗവൺമെൻറ് മുസ്ലിം മതവിഭാഗത്തിന് പല സ്ഥലങ്ങളിലായി കൊടുത്തിരുന്ന ഏതാണ്ട് 200 ഓളം പള്ളികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ റദ്ദു ചെയ്തു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അവിടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനോ പുതിയതായി ഒന്ന് അനുവദിക്കുകയോ ഇല്ലെന്നാണ് ഗവൺമെൻറ് തീരുമാനം.

ഇതിലും ഗൗരവതരമായ മറ്റൊരു വിഷയം മുസ്ലിം കുട്ടികൾക്ക് ഓസ്ട്രേലിയൻ സ്ക്കൂളുകളിൽ അഡ്മിഷൻ കൊടുക്കേണ്ടെന്നുള്ളതാണ്. ഇതുകൂടാതെ സ്വകാര്യ ആശുപത്രികളിലും, ഗവൺമെൻറ് സർവീസുകളിലും ഉള്ളവരുടെ കണക്കെടുപ്പും നടക്കുന്നു.കാലക്രമേണ ഇത്തരക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്.

വിവാദ പരാമർശങ്ങളിലൂടെ കളങ്കിതരായ ടിക് ടോക് ചെയ്ത രണ്ടു പേരുടേയും വാസസ്ഥലത്തിനടുത്തു ഏതാണ്ട് 150– പരം മുസ്ലീമുകളാണ് താമസിക്കുന്നത്.ഇവരെയെല്ലാം നാടുകടത്താൻ തീരുമാനിച്ചു. ഇവരെയെല്ലാം ഇപ്പോൾ പ്രത്യേക സ്ഥലത്തേക്ക് മാറ്റി നിർത്തിയിരിക്കുകയാണ്.

ഇതുകൂടാതെ ഈ വിഭാഗക്കാർ കൂട്ടമായി താമസിക്കുന്ന സ്ഥലത്ത് നിന്നും അവരെ ഭിന്നിപ്പിച്ച് പല സ്ഥലങ്ങളിലായി മാറ്റിപ്പാർപ്പിക്കുകയും ചെയ്യുന്നുണ്ട്.ഇവർ കൂട്ടമായി താമസിക്കുന്നതുകൊണ്ടാണ് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്നാണ് റിപ്പോർട്ടുകൾ.

ഗവൺമെൻറ് തലത്തിലോ, സ്വകാര്യ മേഖലയിലോ ജോലി ചെയ്യുന്ന മുസ്ലീങ്ങളെ ഇനി വേണ്ടെന്നുള്ള കടുത്ത തീരുമാനത്തിലേക്കാണ് ആ രാജ്യം നീങ്ങുന്നത്. മുസ്ലിം മത വിഭാഗത്തിന് ഗവൺമെൻറ് നൽകുന്ന ഒരു 'ഓപ്ഷൻ ' 'നിങ്ങൾ ഒന്നെങ്കിൽ മതം മാറി ഇവിടെ തുടരുക, അല്ലെങ്കിൽ രാജ്യം വിട്ടുപോവുക' എന്നുള്ളതാണ്.

മുസ്ലിം മഹാഭൂരിപക്ഷം ഹാസ് പോലുള്ള മതതീവ്രവാദ സംഘടനകളുടെ നിലപാടുകളെ പ്രത്യക്ഷമായ പരോക്ഷമായോ ഒരു എതിർപ്പ് പോലും പ്രകടിപ്പിക്കാതെ പിന്തുണച്ചതാണ് കാര്യങ്ങളെ ആഗോളതലത്തിൽ ഈ വിഭാഗത്തെ വെറുക്കപ്പെട്ടവരായി കാണാനുള്ള കാരണം.

## അന്ധരുടെ അത്താണി പാസ്റ്റർ സി.കെ കുര്യൻ നിത്യതയിൽ



പുറ്റടി ചക്കുംമൂട്ടിൽ പാസ്റ്റർ സി കെ കുര്യൻ (പ്രവാചകൻ അച്ചൻ കുഞ്ഞ് –74) നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

ദി ഗോസ്പൽ ഫോർ ഡിസേബിൾഡിന്റെ സ്ഥാപക പ്രസിഡന്റാണ്. ഗ്രേസ് റിഹാബിൽറ്റേഷൻ സെന്റർ ചെറ്റുകുഴിയിൽ നടത്തിവരുന്നു. അംഗപരിമിതിയുള്ളവരെ അവിടെ പുനരധിവസിപ്പിച്ചിരുന്നു.

ഹൈറേഞ്ചിലെ ആദ്യ കാല കുടിയേറ്റ കർഷക കുടുംബാംഗം ആണ്. രണ്ട് കണ്ണുകൾക്കും കാഴ്ചശക്തി ഇല്ലായിരുന്നു.

ഭാര്യ : മാറിയാമ്മ കുര്യൻ (ചരളേൽ കുടുംബാംഗം).

മക്കൾ: ബ്ലെസി ജോസ് മോൻ, ജസ്റ്റിൻ, ജെയ്സൺ.

## ചിൽഡ്രൻസ് ഹോമിലേക്ക് മാനേജരെ ആവശ്യമുണ്ട്

ഒഡിഷയിൽ (ഒറീസ്സ) നന്നായി പ്രവർത്തിച്ചു വരുന്ന ഒരു ചിൽഡ്രൻസ് ഹോമിലേക്ക് മാനേജരെ ആവശ്യമുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും താമസിക്കുന്ന ഈ സ്ഥാപനത്തിന്റെ കാര്യങ്ങൾ സ്ഥാപനത്തിൽ താമസിച്ചു കൊണ്ട് ഉത്തരവാദിത്വത്തോടെ നിർവഹിക്കണം. അപേക്ഷകർ രക്ഷിക്കപ്പെട്ടു സ്നാനമേറ്റവരും നല്ല സാക്ഷ്യമുള്ളവരുമായിരിക്കണം. താത്പര്യമുള്ളവർ, താഴെക്കാണുന്ന നമ്പറുകളിൽ ഫോൺ / വാട്സാപ് ബന്ധപ്പെടുക.

**+91 943 737 9637**
**+1 804 244 0187**

# അനധികൃത കുടിയേറ്റം; ഇന്ത്യക്കാർ ഉൾപ്പെടെ 300 പേരെ അമേരിക്ക പാനമയിലേക്ക് നാട് കടത്തി

പാനമ സിറ്റി: 300 അനധികൃത കുടിയേറ്റക്കാരെ പാനമയിലേക്ക് കടത്തി ട്രംപ് ഭരണകൂടം. ഇവരെ പാനമയിലെ ഒരു ഹോട്ടൽ താത്കാലിക ഡിറ്റൻഷൻ സെന്ററാക്കി മാറ്റി അവിടെയാണ് പാർപ്പിച്ചിരിക്കുന്നത്.

കുടിയേറ്റക്കാരെ പുറത്തേക്ക് ഇറങ്ങാൻ അനുവദിക്കില്ല. ഇവരുടെ പാസ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ അമേരിക്ക പിടിച്ചെടുത്തിരുന്നു. ഇന്ത്യ, ഇറാൻ, നേപ്പാൾ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക, പാകിസ്താൻ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരെയാണ് പാനമയിലേക്ക് അമേരിക്ക നാടുകടത്തിയത്. ഇവരിൽ ചിലരെ അതാത് രാജ്യങ്ങളിലേക്ക് അമേരിക്കയ്ക്ക് നേരിട്ട് അയയ്ക്കാൻ സാധിക്കാത്തതിനെ തുടർന്നാണ് എല്ലാവരെയും ഒരുമിച്ച് പാനമയിലേക്ക് നാടുകടത്തിയത്.



പാനമയിലെ ഡിറ്റൻഷൻ സെന്ററിൽ കഴിയുന്നവർക്ക് അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ സ്വന്തം രാജ്യത്തേക്ക് മടങ്ങിപ്പോകാനുള്ള അവസരമൊരുക്കി കൊടുക്കും. എന്നാൽ, ഡിറ്റൻഷൻ സെന്ററിലുള്ള 40 ശതമാനം ആളുകളും സ്വമേധയാ മടങ്ങിപ്പോകാൻ തയ്യാറല്ലാത്തവരാണെന്നാണ് പാനമ അധികൃതർ വ്യക്തമാക്കുന്നത്. സ്വന്തം രാജ്യത്ത് രക്ഷയില്ലെന്നും ഞങ്ങളെ സഹായിക്കണമെന്നും താമസിക്കുന്ന ഹോട്ടലിന്റെ ജനലുകളിൽ ഇവർ എഴുതി പ്രദർശിപ്പിച്ചിട്ടുമുണ്ട്.

അമേരിക്കയും പാനമയും തമ്മിലുള്ള ധാരണ പ്രകാരം ഇവർക്ക് ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കും. അമേരിക്കയിലുള്ള അനധികൃത കുടിയേറ്റക്കാരെ ഒഴിപ്പിക്കാൻ ഒരു പാലമായി പ്രവർത്തിക്കാമെന്ന് പാനമ നേരത്തെ സമ്മതിച്ചിരുന്നു.

ചെലവുകൾ അമേരിക്ക വഹിക്കുകയും ചെയ്യും. സമാനമായ ധാരണ കോസ്റ്ററീക്കയുമായും അമേരിക്ക നടപ്പാക്കിയിട്ടുണ്ട്. പാനമയിലേക്ക് എത്തിച്ചതുപോലെ വൻതോതിൽ കോസ്റ്ററീക്കയിലേക്കും അനധികൃത കുടിയേറ്റക്കാരെ അമേരിക്ക ഇന്ന് നാടുകടത്തും.

# 'മനുഷ്യനാകണം' എന്ന് പാടിയാൽ പോരാ, ആശാവർക്കർമാരെ മനുഷ്യരായി പരിഗണിക്കണമെന്ന് ഗീവർഗീസ് മാർ കൂറിലോസ്



**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിനെതിരെ യാക്കോബായ സഭ നിരണം മുൻ ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മാർ കൂറിലോസ്. ആശാവർക്കർമാരുടെ സമരത്തിലാണ് സർക്കാരിനെതിരെയുള്ള വിമർശനം.

'കോവിഡ് വന്നപ്പോൾ ഓടി നടന്നത് ആശാവർക്കർമാരാണ്. ആരോഗ്യരംഗത്തെ കേരളത്തിന്റെ കാലാൾ പടയാണ് ആശാവർക്കർമാർ. ഇന്നവരെ പാടെ അവഗണിക്കുകയാണ്.

മറ്റൊരു നിവൃത്തിയും ഇല്ലാത്തതുകൊണ്ടാണ് ഇവർക്ക് സമരവുമായി ഇറങ്ങേണ്ടിവന്നത്. സമര പരമ്പരകളിലൂടെയാണ് സിപിഎം അധികാരത്തിൽ വന്നത്. പക്ഷെ ഇപ്പോൾ അവർ സമരത്തെ പുച്ഛിക്കുകയാണ്'- ഗീവർഗീസ് മാർ കൂറിലോസ് പറഞ്ഞു.

ആശാവർക്കർമാരുടെ സമരത്തെ ആർക്കും അവഗണിക്കാനാകില്ല. ആരോഗ്യരംഗത്ത് കേരളം ഒന്നാം സ്ഥാനത്താണെന്ന് ഇപ്പോൾ ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ ആയിരുന്ന സമയത്ത് അതിന് അടിസ്ഥാനമായിരുന്നത് ആശാവർക്കർമാരാണ്.

പേരിൽ മാത്രമേ അവർക്ക് ആശയുള്ളൂ. ഇപ്പോൾ ഉള്ളത് നിരാശ മാത്രമാണ്. അവരെ മനുഷ്യരായ് പരിഗണിക്കണം. മനുഷ്യനാകണം എന്ന് പാടിയാൽ മാത്രം പോരാ- അദ്ദേഹം വ്യക്തമാക്കി.

അതേസമയം ഒമ്പത് ദിവസമായി സെക്രട്ടറിയേറ്റിൽ തുടരുന്ന സമരം കടുപ്പിക്കാനാണ് ആശാവർക്കർമാരുടെ തീരുമാനം. ഈ മാസം 20 ന് സെക്രട്ടറിയേറ്റിന് മുന്നിൽ ആശാവർക്കർമാരുടെ മഹാസം?ഗമം സംഘടിപ്പിക്കും. സംസ്ഥാനത്തെ മുഴുവൻ ആശാപ്രവർത്തകരോടും എത്താനാണ് നിർദേശം.

ഓണറേറിയം വർധിപ്പിക്കുക, മൂന്ന് മാസത്തെ കുടിശിക ഉടൻ നൽകുക, ഓണറേറിയത്തിന് ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ആശാ വർക്കർമാരുടെ സമരം.സമരത്തെ തള്ളി ധനമന്ത്രി കെ.എൻ.ബാലഗോപാൽ നടത്തിയ പരാമർശം വിവാദമായിരുന്നു.

# നാല് വയസുകാരി ചിത്രം വരച്ചു; അത് അമ്മയുടെ ആത്മഹത്യയല്ല കൊലപാതകമെന്ന് തെളിഞ്ഞു



**ലഖ്നൗ:** ആത്മഹത്യയെന്ന് കരുതിയ യുവതിയുടെ മരണത്തിൽ വഴിത്തിരിവായത് നാല് വയസുകാരി വരച്ച ചിത്രം. ഉത്തർപ്രദേശിലെ ഝാൻസിയിൽ സൊണാലി ബുധോലിയ എന്ന 27കാരിയുടെ മരണത്തിലാണ് മകൾ വരച്ച ചിത്രം നിർണായകമായത്.

മകൾക്ക് സുഖമില്ലെന്ന് പറഞ്ഞാണ് സൊണാലിയുടെ മാതാപിതാക്കളെ ഭർതൃവീട്ടുകാർ ഫോൺ ചെയ്യുന്നത്. ആശുപത്രിയിൽ എത്തിയപ്പോഴാണ് സൊണാലി തൂങ്ങി മരിച്ചെന്ന് ഭർതൃവീട്ടുകാർ പറയുന്നത്. യുവതിക്ക് മാനസിക പ്രശ്നങ്ങളുണ്ടെന്നായിരുന്നു ഭർതൃവീട്ടുകാരുടെ വാദം. എന്നാൽ യുവതിയുടെ മരണം ആത്മഹത്യയല്ല കൊലപാതകമാണെന്ന് മാതാപിതാക്കൾ ആരോപിച്ചു.

സൊണാലിയുടെ മരണ ശേഷം മകൾ മാതാവിന്റെ വീട്ടുകാർക്കൊപ്പമായിരുന്നു. അതിനിടെയാണ് കുട്ടി വരച്ച ചിത്രം കുടുംബത്തിന്റെ ശ്രദ്ധയിൽപ്പെടുന്നത്. കഴുത്തിൽ കയറിട്ട നിലയിലുള്ള ഒരു രൂപമാണ് കുട്ടി വരച്ചത്. 'പപ്പ മമ്മിയെ തല്ലി. പിന്നെ കൊന്നു. തലയിൽ കല്ലുകൊണ്ട് അടിച്ച് കെട്ടിത്തൂക്കി' എന്ന് നാല് വയസുകാരി മാധ്യമങ്ങളോട് പറഞ്ഞതായി എൻഡി ടിവി റിപ്പോർട്ട് ചെയ്തു. അച്ഛൻ അമ്മയെ കൊല്ലുമെന്ന് നേരത്തെ തന്നെ ഭീഷണിപ്പെടുത്തിയിരുന്നതായും കുട്ടി ആരോപിച്ചു.

2019ലാണ് മധ്യപ്രദേശുകാരനായ സന്ദീപിനെ സൊണാലി വിവാഹം കഴിക്കുന്നത്. വിവാഹത്തിന് ശേഷം സന്ദീപും അയാളുടെ മാതാപിതാക്കളും സൊണാലിയോട് കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ടിരുന്നുവെന്നാണ് മാതാപിതാക്കൾ പറയുന്നത്. കൂടുതൽ പണവും കാറും വാങ്ങണമെന്ന് ആവശ്യപ്പെട്ടപ്പോൾ വിസമ്മതിച്ചു. പിന്നീട് ഇയാൾ മകളെ സ്ഥിരമായി ഉപദ്രവിക്കുമായിരുന്നുവെന്നാണ് മാതാപിതാക്കൾ പൊലീസിന് മൊഴി നൽകിയത്.

പെൺകുഞ്ഞിന് ജന്മം നൽകിയതിന്റെ പേരിലും പ്രശ്നങ്ങളുണ്ടാക്കിയിരുന്നതായും സൊണാലിയുടെ വീട്ടുകാർ പരാതിയിൽ പറയുന്നു. വർഷങ്ങളോളം നീണ്ടുനിന്ന പീഡനത്തിനൊടുവിൽ സൊണാലിയെ ഭർത്താവ് ആക്രമിച്ച് കൊലപ്പെടുത്തിയതാണെന്നാണ് പ്രാഥമിക നി?ഗമനമെന്ന് പൊലീസ് പറഞ്ഞു.

# നാവികസേനയുടെ രഹസ്യങ്ങൾ പാകിസ്താന് ചോർത്തി നൽകിയ മലയാളി അറസ്റ്റിൽ




നാവികസേനയുടെ തന്ത്രപ്രധാനരഹസ്യങ്ങൾ പാകിസ്താന് ചോർത്തി നൽകിയതിന് മലയാളി യുവാവിനെ എൻഐഎ അറസ്റ്റ് ചെയ്തു.

കൊച്ചി കപ്പൽശാലയിലെ മുൻ ട്രെയ്നി കടമക്കുടി സ്വദേശി പി എ അഭിലാഷിനെയാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. കൊച്ചി നാവികത്താവളത്തിലും കാർവാർ നാവികത്താവളത്തിലുമുള്ള ഇന്ത്യൻ പ്രതിരോധ സ്ഥാപനങ്ങളെക്കുറിച്ചുള്ള തന്ത്രപ്രധാനമായ വിവരങ്ങൾ പാകിസ്താന് ചോർത്തിനൽകിയെന്നാണ് കേസ്.

കഴിഞ്ഞ ദിവസം ഈ കേസിൽ രണ്ടു പേരെ എൻഐഎ അറസ്റ്റ് ചെയ്തിരുന്നു. കർണാടകയിലെ മുദുഗ ഗ്രാമത്തിലെ വേടന താണ്ടെൽ, ഹലവള്ളി സ്വദേശി അക്ഷയ് നായ്ക് എന്നിവരാണ് പിടിയിലായിരുന്നത്.

വിശാഖപട്ടണം കപ്പൽശാലയിലെ വിവരങ്ങൾ പാകിസ്താന് ചോർത്തിയെന്ന കേസിൽ കഴിഞ്ഞവർഷം അഭിലാഷിനെയും കൊച്ചി കപ്പൽശാലയിലെ വെൽഡർ കം ഫിറ്ററായ തിരുവനന്തപുരം അരുമാനൂർ സ്വദേശി അഭിഷേകിനെയും എൻഐഎ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തിരുന്നു. തുടർന്ന് ഇവരുടെ മൊഴിയും തെളിവുകളും പരിശോധിച്ചു. ഇതിന് ശേഷമാണ് അഭിലാഷിനെ അറസ്റ്റ് ചെയ്തിരിക്കുന്നത്.

# ചികിത്സ വിഫലം; മസ്തകത്തിൽ മുറിവേറ്റ കാട്ടുകൊമ്പൻ ചെരിഞ്ഞു



തൃശ്ശൂർ: അതിരപ്പിള്ളിയിൽ മസ്തകത്തിൽ മുറിവേറ്റ് ഗുരുതരാവസ്ഥയിലായിരുന്ന കൊമ്പനെ രക്ഷിക്കാനായില്ല.

ഫെബ്രുവരി 21 ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെ കൊമ്പൻ ചരിഞ്ഞു. കോടനാട് അഭയാരണ്യത്തിൽ ചികിത്സയിലിരിക്കേയാണ് കൊമ്പൻ ചരിഞ്ഞത്.

ആന ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്തിരുന്നതായി ഫോറസ്റ്റ് ഉദ്യോഗസ്ഥർ അറിയിച്ചു. മരുന്നുകളോട് പോസിറ്റീവായി പ്രതികരിച്ചിരുന്നതായും ഉദ്യോഗസ്ഥർ അറിയിച്ചു.

ഡോക്ടർമാർ ചികിത്സ നടത്തിക്കൊണ്ടിരിക്കേ ആന കുഴഞ്ഞു വീഴുകയായിരുന്നു. ഹൃദയാഘാതമാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനം. പോസ്റ്റ്മോർട്ടത്തിനു ശേഷമേ വിശദ വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ. മസ്തകത്തിലെ മുറിവ് തുമ്പിക്കൈയിലേക്ക് വ്യാപിച്ചതായി ഡോക്ടർമാർ കണ്ടെത്തിയിരുന്നു.

മസ്തകത്തിൽ ഗുരുതരമായി പരിക്കേറ്റ കൊമ്പനെ കഴിഞ്ഞ ദിവസമാണ് കോടനാട് അഭയ കേന്ദ്രത്തിൽ എത്തിച്ചത്. അതിരപ്പിള്ളി കാലടി പ്ലാന്റേഷനിൽ നിന്നും മയക്കുവെടി വെച്ച് വീഴ്ത്തിയ ആനയെ പ്രാഥമിക ചികിത്സയ്ക്കു ശേഷമാണ് വിദഗ്ധ ചികിത്സയ്ക്കായി കൊണ്ടുപോയത്. രക്ഷാദൗത്യത്തിന്റെ ആദ്യ രണ്ട് ഘട്ടങ്ങൾ വിജയിച്ചതോടെ ഏറെ പ്രതീക്ഷയിലായിരുന്നു വനംവകുപ്പ്.

മസ്തകത്തിൽ പരിക്കേറ്റ കൊമ്പൻ കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ജനവാസ മേഖലയിലെത്തിയിരുന്നു.

മുറിവിൽ നിന്നും പുഴു അരിച്ചിറങ്ങുന്ന ദയനീയ അവസ്ഥയിലായിരുന്നു കാട്ടാന. മയക്കുവെടി വെച്ച ശേഷം ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ മുറിവ് വൃത്തിയാക്കി പ്രാഥമിക ചികിത്സ നൽകിയിരുന്നു.

കാട്ടാനയുടെ തലച്ചോറിന് അണുബാധയേറ്റിരുന്നു എന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

മുറിവേറ്റ മസ്തകത്തിലും തുമ്പിക്കൈയിലും പുഴുവരിച്ചിരുന്നതായും മരണകാരണം ഹൃദയാഘാതമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

# ഓൺലൈൻ വാതുവെപ്പിൽ ലക്ഷങ്ങൾ നഷ്ടം; കുടുംബത്തിലെ മൂന്നുപേർ ജീവനൊടുക്കി



ബംഗളൂരു: മൈസൂരു ജില്ലയിൽ ഓൺലൈൻ ചൂതാട്ടത്തിൽ പണം നഷ്ടപ്പെട്ടതിനെത്തുടർന്ന് കുടുംബത്തിലെ മൂന്നുപേർ ജീവനൊടുക്കി.

മൈസൂരുവിനടുത്തുള്ള ഹഞ്ച്യ ഗ്രാമത്തിനടുത്താണ് സംഭവം. ജോഷ് ആന്റണി (33), ഇരട്ട സഹോദരൻ ജോബി ആന്റണി (33), ജോബിയുടെ ഭാര്യ സ്വാതി എന്നറിയപ്പെടുന്ന ഷർമിള (28) എന്നിവരാണ് മരിച്ചത്.

ഐ.പി.എൽ ക്രിക്കറ്റ് മത്സരങ്ങളിലും ഓൺലൈൻ ഗെയിമുകളിലും വാതുവെപ്പ് നടത്തിയതിലൂടെ ജോബി ആന്റണിക്കും ഷർമിളക്കും ഗണ്യമായ തുക നഷ്ടപ്പെട്ടതായി പൊലീസ് പറഞ്ഞു. അവർക്ക് പണം കടം കൊടുത്തിരുന്ന ആളുകൾ തിരികെ ആവശ്യപ്പെട്ട് അവരെ പതിവായി സന്ദർശിക്കാറുണ്ടായിരുന്നു.

കടുത്ത സമ്മർദത്തിലും ദുഃഖത്തിലും ആയിരുന്ന ജോഷ് ആന്റണിയാണ് തിങ്കളാഴ്ച ആദ്യം തൂങ്ങിമരിച്ചത്. മരിക്കുന്നതിനുമുമ്പ് ആന്റണിയും ഷർമിളയും സഹോദരിയുടെ പേര് ഉപയോഗിച്ച് വഞ്ചനാപരമായി വായ്പ നേടിയെന്ന് ആരോപിക്കുന്ന ഒരു വിഡിയോ റെക്കോഡുചെയ്തു. 'എന്റെ സഹോദരിക്ക് ഭർത്താവില്ല, ജോബിയും ഭാര്യയും അവർക്കെതിരെ വഞ്ചന നടത്തിയിട്ടുണ്ട്. എന്റെ മരണത്തിന് എന്റെ സഹോദരൻ ജോബി ആന്റണിയും ഭാര്യ ഷർമിളയുമാണ് ഉത്തരവാദികൾ. അവർ ശിക്ഷിക്കപ്പെടണം' -വിഡിയോയിൽ ജോഷ് പറഞ്ഞു. ജോഷിന്റെ ആത്മഹത്യയെക്കുറിച്ച്അറിഞ്ഞയുടനെ ആന്റണിയും ഷർമിളയും ചൊവ്വാഴ്ച തൂങ്ങിമരിച്ചു. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

# സ്ത്രീധനം കുറഞ്ഞതിൻെറ പേരിൽ കലഹങ്ങളുണ്ടാകുന്ന കാലം; കല്ല്യാണപ്പന്തലിൽ തന്നെ 'സ്ത്രീധന തുക' മടക്കി നൽകി യുവാവിൻെറ മാതൃക



**ന്യൂഡൽഹി:** സ്ത്രീധന പീഡനങ്ങളും കൊലപാതകങ്ങളും പെരുകുന്ന കാലത്ത് ശ്രദ്ധ നേടുകയാണ് രാജസ്ഥാനിൽ നിന്നുള്ള ഒരു വിവാഹം. വിവാഹത്തിന് സ്ത്രീധനമായി ലഭിച്ചതുക വധുവിന്റെ വീട്ടുകാർക്ക് മടക്കി നൽകി പ്രശംസ നേടുകയാണ് പരംവീർ റാത്തോർ എന്ന യുവാവ്. സ്ത്രീധനമായി ലഭിച്ച 5,51000 രൂപയാണ് യാതൊരു മടിയുമില്ലാതെ പരംവീർ വധുവിന്റെ വീട്ടുകാർക്ക് തിരികെനൽകിയത്.

സിവിൽ സർവീസിനായി ഒരുങ്ങുന്ന പരംവീർ റാത്തോർ കാരാലിയ സ്വദേശിയായ നികിത ഭാട്ടിയ എന്ന യുവതിയെയാണ് വിവാഹം കഴിച്ചത്. കഴിഞ്ഞ ഫെബ്രുവരി 14നായിരുന്നു ഇവരുടെ വിവാഹം. കുതിരപ്പുറത്ത് വിവാഹവേദിയിലെത്തിയ പരംവീറിന് ഗംഭീരമായ സ്വീകരണമാണ് വധുവിന്റെ വീട്ടിൽ നിന്ന് ലഭിച്ചത്. കൊട്ടും പാട്ടും ആരവങ്ങളും നിറഞ്ഞ വിവാഹവേദിയിൽ നിന്നാണ് തുക നൽകിയത്. വലിയ തട്ടിൽ ചുവന്ന പട്ടുകൊണ്ട് മൂടിയാണ് സ്ത്രീധന തുക വധുവിൻ്റെ വീട്ടുകാർ പരംവീറിന് കൈമാറിയത്. എന്നാൽ ചടങ്ങുകൾ പൂർത്തിയായ ഉടൻതന്നെ പരംവീർ തനിക്ക് വേണ്ടത് ജീവിതപങ്കാളിയെയാണെന്നു പറഞ്ഞ് ഈ തട്ട് വധുവിന്റെ വീട്ടുകാർക്ക് തന്നെ തിരികെ നൽകുകയായിരുന്നു.

ചടങ്ങുകൾക്ക് ഭംഗം വരുത്തേണ്ടെന്ന് കരുതിയാണ് പണത്തിന്റെ തട്ട് നിരസിക്കാതിരുന്നതെന്ന് പരംവീർ പറഞ്ഞു. പണത്തിന്റെ തട്ട് തന്നപ്പോൾ സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായത്തെ കുറിച്ച് ഓർത്ത് ദുഃഖം തോന്നിയെന്നും പരംവീർ പറയുന്നു.

എന്നെ പോലെ വിദ്യാഭ്യാസമുള്ളവർ ഇത്തരം രീതികളിൽ നിന്ന് മാറിയില്ലെങ്കിൽ അത് മോശമാണ്. ഇത്തരം നിന്ദ്യപ്രവർത്തികളിൽ നിന്ന് മാറി നിൽക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. എന്റെ കുടുംബം തീരുമാനത്തെ പിന്തുണച്ചതിൽ സന്തുഷ്ടനാണ്- പരംവീർ കൂട്ടിച്ചേർത്തു.

CHRISTHAVACHINTHA
CHRISTIAN NEWS PAPER

# നിത്യതയിൽ




## മാത്യൂ ചാക്കോ

തീപ്പുക ബെഥേൽ വീട്ടിൽ പരേതനായ ചാക്കോയുടെ മകൻ മാത്യൂ ചാക്കോ -77 (കുട്ടായി) നിര്യാതനായി.

ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ഇടനാട് കർമ്മേൽ ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇൻഡ്യാ മുളക്കുഴ സെമിത്തേരിയിൽ നടന്നു.

ഭാര്യ: മോളി മാത്യു. പത്തനംതിട്ട കാരിക്കുള്ളം കുടുബാംഗം.

മക്കൾ: ജിഷ (സൗദി),അജീഷ് (ദുബായ്),അനീഷ് (എ.വി.ജി മോട്ടോർസ് തിരുവല്ല).
മരുമക്കൾ: രഞ്ജു (വെബ്സൈറ്റ് കോട്ടയം), ബ്ലസ്സി (ഒ.ഇ.എം പബ്ലിക്ക് സ്ക്കൂൾ ഇരവിപേരൂർ).



## തോമസ് വർഗീസ്

ചിറ്റാർ: വയ്യാറ്റുപുഴ ആനപാറ വള്ളിപറമ്പിൽ തോമസ് വർഗീസ് (രാജു -70) നിര്യാതനായി. ഐപിസി കർണാടക സ്റ്റേറ്റ് മത്തിക്കരെ സഭാ ശുശ്രൂഷകൻ പാസ്റ്റർ ലാൻസൺ പി.മത്തായിയുടെ ഭാര്യ പിതാവാണ് പരേതൻ.

ഫെബ്രുവരി 17 തിങ്കൾ രാവിലെ 8ന് ഭവനത്തിലെ സംസ്കാരം ശുശ്രൂഷകൾക്ക് ശേഷം 12 ന് ബഥേൽ മാർത്തോമ പള്ളി സെമിത്തേരിയിൽ നടന്നു.

ഭാര്യ: മറിയാമ്മ തോമസ് സീതത്തോട് മേലേത്ത് കുടുംബം.

മക്കൾ: മേഴ്സി, മോൻസി ലാൻസൺ (ഐപിസി കർണാടക സ്റ്റേറ്റ് സോദരീ സമാജം ജോ. സെക്രട്ടറി), ജോൺസി മനേഷ്, പ്രിൻസി ജോബിൻ.

മരുമക്കൾ: സജി വർഗീസ്(മസ്ക്കത്ത്), പാസ്റ്റർ ലാൻസൺ പി.മത്തായി (ഐപിസി മത്തിക്കരെ), മനേഷ് പി.രാജൻ (സൗദി), ജോബിൻ തോമസ്.



## ജോർജ് തോമസ്

അങ്കമാലി കറുകുറ്റി മാമ്പ്ര തെക്കേപ്പുറത്ത് ശാലോം വീട്ടിൽ ജോർജ് തോമസ് (60) നിര്യാതനായി.

അങ്കമാലി സിറ്റി ചർച്ച് സഭയുടെ കൊരട്ടി സെമിത്തേരിയിൽ സംസ്ക്കാരം നടന്നു.

കാക്കനാട് ഡൗൺളിൻ ഹെൽത്ത് കെയർ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ എഡിറ്ററായിരുന്നു പരേതൻ.

ചെങ്ങന്നൂർ ഐടി ജംഗ്ഷനിൽ താമസിച്ചിരുന്ന തെക്കേപ്പുറത്ത് പരേതരായ കെ.ജി തോമസ് - ഏലിയാമ്മ ദമ്പതികളുടെ മകനാണ്.

പഴഞ്ഞി പുലിക്കോട്ടിൽ പരേതനായ പാസ്റ്റർ പി.വി ചുമ്മാറിന്റെ മകൾ ബെക്കിയാണ് ഭാര്യ. ഏക മകൾ - ജോഹന്ന എൽസാ



## കുരിയൻ

ഐപിസി കേച്ചേരി സഭ അംഗവും കുന്നംകുളം യുപിഎഫ് ചാരിറ്റി വിംഗ് കൺവീനറുമായ പുതിശ്ശേരി ചൊവ്വല്ലൂർ വീട്ടിൽ കുരിയൻ നിത്യതയിൽ പ്രവേശിച്ചു.

അപകടത്തെത്തുടർന്നു തൃശൂർ മെഡിക്കൽ കോളേജിൽ വെച്ചായിരുന്നു അന്ത്യം.

ഭാര്യ: മേരി. മക്കൾ മജോൺ (അബുദാബി) മേബിൻ.

മരുമക്കൾ ടിജി, റിയ (അബുദാബി).



## ഏലിയാമ്മ ദാനിയേൽ

ചിക്കാഗോ: ഐപിസി ഷാലോം സഭാംഗമായ ഏലിയാമ്മ ദാനിയേൽ (83) നിര്യാതയായി.

ചെങ്ങന്നൂർ പണിക്കശ്ശേരിൽ എബനേസർ വീട്ടിൽ പാസ്റ്റർ മാത്യു ഫിലിപ്പിന്റെ ഭാര്യയാണ് പരേത. കോഴഞ്ചേരി തെക്കേമല മുണ്ടക്കത്തോട്ടിൽ

കുടുംബാംഗമാണ്. റിട്ടയേർഡ് അധ്യാപികയായിരുന്നു.

ജെസ്സി ജേക്കബ്, സൂസൻ ബൈജു മാത്യു, ആൻസി ജോ ഏബ്രഹാം, ഫിലിപ്പ് മാത്യു എന്നിവർ മക്കളും വർഗീസ് ജേക്കബ്, പാസ്റ്റർ ബൈജു മാത്യു, ജോ എബ്രഹാം, ക്രിസ്റ്റീന മാത്യു എന്നിവർ മരുമക്കളുമാണ്.

ദീർഘകാലം ജോലിയോടൊപ്പം കേരളത്തിൽ സഭാ പ്രവർത്തനത്തിൽ കോവൂർ സഭയോടുള്ള ബന്ധത്തിൽ പ്രവർത്തിച്ചിരുന്നു.

നൈൽസിലുള്ള കൊളോണിയൽ ഫ്യൂണർ ഹോമിൽ സംസ്കാര ശുശ്രൂഷകൾക്ക് ശേഷം മേരിഹിൽ സെമിതേരിയിൽ നടന്നു.



## ഉമ്മൻ ടി ഉമ്മൻ

ഹൂസ്റ്റൻ: ഷാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഹൂസ്റ്റൻ സഭാംഗം ചെന്നിത്തല തൂമ്പാട്ട് വിളബഥേലിൽ പരേതരായ കെ.ഒ ഉമ്മൻറെയും ശോശാമ്മ ഉമ്മന്റെയും മകൻ ഉമ്മൻ ടി ഉമ്മൻ (രാജു - 70) ഹൂസ്റ്റണിൽ നിര്യാതനായി.

സംസ്കാരം ഫെബ്രു. 1ന് ഷാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഹൂസ്റ്റണിന്റെ നേതൃത്വത്തിൽ നടന്നു.
ഭാര്യ: ലിസി ഉമ്മൻ കോന്നി വകയാർ കുഴുമുറിയിൽ കുടുംബാംഗമാണ്.

മക്കൾ: ജൂലി, ജെനി, ജെമി.

സഹോദരങ്ങൾ: റ്റി. ഒ ജേക്കബ്, റ്റി ഒ ജെയിംസ്, റ്റി ഒ ജോൺസൻ, ജോളി ജോയ്സ്, റ്റി ഒ സാജൻ. ജോയ്സ് സാമുവേൽ സഹോദരി ഭർത്താവാണ്.



## ലിസ്സി പൗലോസ്

കേളകം: ലിസ്സി പൗലോസ് (64) നിത്യതയിൽ. ഏ.ജി കേളകം സഭയുടെ ആദ്യകാല വിശ്വാസിയും എജി ഓഞ്ഞിൽ ശുശ്രൂഷകനായ പാസ്റ്റർ ലിനോജ് മോന്റെ മാതാവുമാണ്.

സംസ്ക്കാര ശുശ്രൂഷ കാണിച്ചാർ എജി സെമിത്തേരിയിൽ നടന്നു.

ഭർത്താവ് പരേതനായ പൗലോസ്. മക്കൾ ലിനോജ്, ലിനേഷ്, മെറീന.
മരുമക്കൾ വിജി, ബീന, ലതീഷ്.



## പാസ്റ്റർ ജേക്കബ് എം.മാത്യു

ഡാളാസ്: കുമ്പനാട് മേട്ടിൽ കുടുംബാംഗമായ പാസ്റ്റർ ജേക്കബ് എം മാത്യു (81)നിത്യതയിൽ പ്രവേശിച്ചു അന്നമ്മ മാത്യുവാണ് ഭാര്യ.

സ്റ്റാൻലി മാത്യു, ബർണി മാത്യു, സ്റ്റെഫിനി വർഗീസ് എന്നിവർ മക്കളും ബിൻസി, ജെയ്മി, ഫിലിപ്പ് എന്നിവർ മരുമക്കളുമാണ്.

ഗബ്രിയേല മാത്യു, സോഫിയ വർഗീസ്, ലൂക്കാസ് മാത്യു, മായാ വർഗീസ്, സാക്കറി വർഗീസ് എന്നിവർ കൊച്ചുമക്കളാണ്.

പരേതനായ എം എം തോമസ്, എം എം വർഗീസ്, എം എം ഫിലിപ്പ്, പൊന്നമ്മ മാമൻ, ഏലിയാമ്മ വർഗീസ്, എബ്രഹാം മേട്ടിൽ, ജോൺ മാത്യു മേട്ടിൽ എന്നിവർ സഹോദരങ്ങളാണ്.

ദീർഘകാലം ചിക്കാഗോയിൽ കുടുംബവുമായി താമസിച്ച് സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു പരേതൻ.

ശവസംസ്കാര ശുശ്രൂഷകൾ ഡാലസിൽ വെച്ച് നടന്നു.



## മേരിക്കുട്ടി വർഗ്ഗീസ്

ചങ്ങനാശ്ശേരി: കണ്ടത്തിപറമ്പിൽ ഫിഷ് മാർക്കറ്റിൽ പരേതനായ വർഗീസിന്റെ ഭാര്യ മേരിക്കുട്ടി വർഗ്ഗീസ് (83) നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം പെരുന്നാ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡിൽ ആരംഭിച്ച്, ചീരഞ്ചിറ സെമിത്തേരിയിൽ സംസ്കാരം നടന്നു.

ആരംഭകാലഘട്ടങ്ങളിൽ ന്യൂ ഇന്ത്യ ദൈവസഭയുടെ പ്രവർത്തനങ്ങളിൽ നിത്യതയിൽ വിശ്രമിക്കുന്ന മറിയായമ്മ ആന്റിയൊടൊപ്പം ചേർന്നു പ്രവർത്തിച്ചിരുന്നു.

മക്കൾ: സിബി, ബിന്ദു, പരേതനായ തോമസ് വർഗീസ്, പരേതനായ രാജൻ, പരേത റീന.

മരുമക്കൾ: ഷാജിമോൾ, സുനി, പരേതനായ സാബു, ജോഷി, പരേതനായ ബെഞ്ചമിൻ.



## ഡോ. ഉമ്മൻ തരകൻ

ആലുവ: പോളച്ചിറക്കൽ പടിഞ്ഞാറേവീട്ടിൽ ഡോ. ഉമ്മൻ തരകൻ (88 വയസ്) നിര്യാതനായി.

കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്മെന്റ് റിട്ടയേർഡ് പ്രൊഫസർ ആയിരുന്നു.

ഭാര്യ: ഗ്രേസി ഉമ്മൻ, ചിറ്റൂർ കുടുംബാംഗം (റിട്ടയേഡ് ടീച്ചർ ആലുവ GHS).

മക്കൾ: ജയ്മോൾ, ബിജു (വേൾഡ് ബാങ്ക്), എബി (സീനിയർ പാസ്റ്റർ എക്സോഡസ്).

മരുമക്കൾ : അശോക് കോശി ചാവടിയിൽ, സാറാ, ദീപ.

തമ്മനം റോഡിലുള്ള Exodus ക്രിസ്ത്യൻ സെന്ററിൽ ശുശ്രൂഷയ്ക്ക് ശേഷം ഇടക്കൊച്ചി മക്പേല സെമിത്തേരിയിൽ സംസ്കാരം നടന്നു.



## സൂസമ്മ രാജു

കൊല്ലം ആശ്രാമം സൗത്ത് ചെരുവിൽ പരേതനായ രാജു വർഗീസിന്റെ സഹധർമ്മിണി സൂസമ്മ രാജു (ചാരുംമുട് വടക്കേ പുതുക്കാട്ട് അംഗം- 76) കർത്താവിൽ നിദ്രപ്രാപിച്ചു.
ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ടൗൺ കടപ്പാകട ചർച്ചിന്റെ നേതൃത്വത്തിൽ പോളയത്തോട് യുണൈറ്റഡ് ഫെലോഷിപ്പ് ചർച്ചസ് സെമത്തേരിയിൽ സംസ്ക്കാര ശുശ്രൂഷ നടന്നു

മക്കൾ: പാസ്റ്റർ ചെറിയാൻ വർഗീസ് (ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സൺഡേ സ്കൂൾ സ്റ്റേറ്റ് സെക്രട്ടറി, എറണാകുളം സെന്റർ ശുശ്രൂഷകൻ), ബിജു ചെറിയാൻ (ഡാനി മെഡിക്കൽസ് & പ്രെയ്സ് മെഡിക്കൽസ്).

മരുക്കൾ: മേഴ്സി ചെറിയാൻ (പറക്കോട്ട് ഈട്ടി വിളയിൽ), ആനി ബിജു (കുണ്ടറ പ്ലാവിളയിൽ)



## എം.സി. ചാക്കോ

കോലഞ്ചേരി: മുവാറ്റുപുഴ ഐപിസി ഏബനേസർ സഭാംഗം ഈസ്റ്റ് വാഴപ്പള്ളി നിരപ്പ് മാവള OMS] എം.സി. ചാക്കോ (90) നിര്യാതനായി.

മുവാറ്റുപുഴ ഐപിസി ഏബനേസർ സഭയിൽ ശുശ്രൂഷക്ക് പുത്തൻകുരിശുള്ള സഭാ സെമിത്തേരിയിൽ സംസ്കാരം നടന്നു.

ഭാര്യ: കീരിത്തോട് മീൻപോയതോട്ടിൽ പരേതയായ തങ്കമ്മ.

മക്കൾ: അന്നമ്മ, ഗ്രേസി, പാസ്റ്റർ സയൻ എം.സി., സാലി ജോസഫ്, ബീന സ്റ്റാൻലി, സീന എബ്രഹാം.
മരുമക്കൾ: Late ലൂക്കോസ് കെ.എം. പാസ്റ്റർ ജോസകുട്ടി ഇ.എം. (ഗുജറാത്ത്), ജിനി സയൻ (നെല്ലാട), എ.എസ്. ജോസഫ് (ദുബായ്), പാസ്റ്റർ സ്റ്റാൻലി ജോസഫ് (എറണാകുളം), എബ്രഹാം (ഹൈദരാബാദ്).



## കോര വർഗീസ്

കോട്ടയം : മണർകാട് കണിയൻകുന്നു ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകൻ പാസ്റ്റർ മോനായി കെ. വർഗീസിന്റെ പിതാവ് താഴത്ത് വീട്ടിൽ കോര വർഗീസ് (83) നിത്യതയിൽ പ്രവേശിച്ചു.

സംസ്കാരം ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം സെമിത്തേരിയിൽ നടന്നു.


ഭാര്യ: സൂസമ്മ. മക്കൾ: മഞ്ചു, പാസ്റ്റർ മോനായി കെ വർഗീസ്, സ്വപ്ന. മരുമക്കൾ: പാസ്റ്റർ ബിനു ഡൊമിനിക്ക്, സോജിയ മോനായ്, ബൈജു കെ മത്തായി.



## സാറാമ്മ ജോർജ്ജ്

പാമ്പാടി : പങ്ങട വരിക്കപ്ലാക്കൽ ജോർജ്ജ് (ജോയി) ഭാര്യ സാറാമ്മ ജോർജ്ജ് (ചിന്നമ്മ - 64) കത്തൃസന്നിധിയിൽ പ്രവേശിക്കപ്പെട്ടു.

സ്വഭവനത്തിലെ സംസ്കാര ശുശ്രൂഷയ്ക്ക് ശേഷം ഐ.പി സി കാനം സെന്ററിന്റെ അയർക്കുന്നം സെമിത്തേരിയിൽ സംസ്ക്കരം നടന്നു.
മക്കൾ: ജോമോൻ ജോർജ്, പരേതനായ ജീമോൻ ജോർജ്.
മരുമകൾ: റീനാ ജോമോൻ



## ഷാജി എബ്രഹാം

മാഞ്ചസ്റ്റർ: അഗാപ്പെ ക്രിസ്റ്റ്യൻ ഫെലോഷിപ്പിലെ സജീവാംഗമായ ഷാജി എബ്രഹാം (60) നിര്യാതനായി. ഇടുക്കി ജില്ലയിലെ കട്ടപ്പന ഇടത്തൊട്ടിയിൽ കുടുംബാംഗമാണ്.

ഭാര്യ മിനി. മക്കൾ ഡാനി (നോട്ടിംഗ്ഹാം സർവകലാശാല വിദ്യാർത്ഥി), റേച്ചൽ (അക്വീനാസ് കോളേജ് വിദ്യാർത്ഥി), ജോയൽ (സ്റ്റോക്പോർട്ട് ഹൈസ്കൂൾ വിദ്യാർത്ഥി).

മാഞ്ചസ്റ്ററിലെ അഗാപ്പെ ക്രിസ്ത്യൻ ഫെല്ലോഷിപ്പിന്റെ മേൽനോട്ടത്തിൽ സംസ്കാരം നടത്തുമെന്ന് ക്രൈസ്തവചിന്ത കോർഡിനേറ്റർ ബ്ലസ്സൻ മാത്യു അറിയിച്ചു.

പാസ്റ്റർ ടോമി കുര്യൻ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.



കൊട്ടാരക്കര: ദി പെന്തെക്കൊസ്ത് മിഷൻ കൊട്ടാരക്കര സെന്റർ അടുതല സഭാ ശുശ്രൂഷകൻ ബ്രദർ ഡോൺ പൊന്നോ മാത്യു(36) കർതൃസന്നിധിയിൽ. സംസ്കാരം കൊട്ടാരക്കര റ്റിപിഎം സെന്റർ ഫെയ്ത്ത്ഹോമിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ.
കഴിഞ്ഞ 8 വർഷത്തോളം കോട്ടയം, എറണാകുളം, കൊട്ടാരക്കര സെന്ററിന്റെ വിവിധയിടങ്ങളിൽ സഭയുടെ ശുശ്രൂഷകനും കൺവെൻഷൻ പ്രസംഗ പരിഭാഷകനുമായിരുന്നു.
റ്റി.പി.എം മസ്കത്ത് സഭാംഗം ഉതിമൂട് കൂടത്തിനാൽ രാജു മാത്യുവിന്റെയും ശോശാമ്മ മാത്യുവിന്റെയും മൂത്ത മകനാണ്. സഹോദരൻ ബ്ലസൻ മാത്യൂ.



## കനകമ്മ


ഐപിസി തിരുവനന്തപുരം വെസ്റ്റ് സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ കലേഷിന്റെ മാതാവും കായംകുളം പട്ടോളി മാർക്കറ്റ് കമലേഷ് ഭവനിൽ പി.വി.സോമന്റെ ഭാര്യ കനകമ്മ (62) നിത്യതയിൽ ചേർക്കപ്പെട്ടു.

ശ്വാസകോശ സംബന്ധമായ രോഗത്തിന് ദീർഘ നാളുകൾ ചികിത്സയിലായിരുന്നു.

പയറ്റുവിള ഐ.പി.സി. ഹെബ്രോൻ ചർച്ചിൽ വച്ച് ഐ.പി.സി. തിരുവനന്തപുരം വെസ്റ്റ് സെന്ററിന്റെ നേതൃത്വത്തിൽ ശുശ്രൂഷ നടന്നു.

തുടർന്ന് കായംകുളത്ത് ഭവനത്തിലെ പ്രാർത്ഥനയ്ക്ക് ശേഷം ആലപ്പുഴ വെസ്റ്റ് സെന്റർ മുതുകുളം ഐ.പി.സി. ചർച്ചിൽ സംസ്കാര ശുശ്രൂഷ നടന്നു.

കാർത്തികപള്ളി സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് ഐപിസി കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ ഏബ്രഹാം ജോർജ് നേതൃത്വം നല്കി.
മക്കൾ: സോഫി സോമൻ, പാസ്റ്റർ കലേഷ് സോമൻ
മരുമക്കൾ: സിന്ധു, മേഴ്സി



## അച്ചാമ്മ ചെറിയാൻ

വാഴൂർ പോത്താനിക്കൽ കിളിയൻ തൊട്ടിയിൽ പരേതനായ പാസ്റ്റർ ടി സി ചെറിയാന്റെ (കറിയാച്ചൻ) ഭാര്യ അച്ചാമ്മ ചെറിയാൻ 88 (ചിന്നമ്മ) ജനുവരി 27 ന് ഒക്കലഹോമയിൽ (യുഎസ്എ) നിര്യാതയായി.

പരേത തലപ്പാടി കുറ്റിക്കാട്ട് പടിഞ്ഞാറേക്കര കുടുംബാംഗമാണ്. ദീർഘ വർഷങ്ങൾ കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധയിടങ്ങളിൽ കർത്താവിന്റെ മഹനീയ ശുശ്രൂഷ ചെയ്തിരുന്നു.

ഐപിസി ഒക്കലഹോമ സഭയുടെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷ നടന്നു.

പാസ്റ്റർ ഷിബു തോമസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

മക്കൾ: ചെറിയാൻ കെ ചെറിയാൻ (രാജൻ- ഒക്കലഹോമ യുഎസ്എ), പാസ്റ്റർ ജോൺ കെ ചെറിയാൻ (ക്രിസ്റ്റി - ഐപിസി പൊൻകുന്നം).

മരുമക്കൾ : അന്നമ്മ ചെറിയാൻ (ഒക്കലഹോമ, യുഎസ്എ), എബിമോൾ ജോൺ (ഇടക്കര).

കൊച്ചുമക്കൾ: നിസ്സി നെൽസൺ (യുഎസ്എ), സെഫൻ ചെറിയാൻ (യുഎസ്എ), ഇമ്മാന്യു കെ.ജോൺ (ഖത്തർ), ഐൻസ് ചെറി ജോൺ (യുഎസ്എ), ഇമ്നാ ജോൺ.

## വരവിചാരം

ജെയ്മോഹൻ അതിരുങ്കൽ

'നീ' എന്ന് വിളിക്കുന്ന നീയാരാണ്



'നിങ്ങളുടെ അമ്മയും കന്യകയോ'?



# സി.ഇ.എം.- സണ്ടേസ്കൂൾ യുഎഇ റീജിയൻ വാർഷികവും ഗ്രാജുവേഷനും നടന്നു

**ബ്ലസൻ ജോർജ്**

ഷാർജ:ശാരോൻ ഫെലോഷിപ് ചർച്ച് പുത്രിക സംഘടനകളായ സണ്ടേസ്കൂൾ അസോസിയേഷന്റെയും ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെയും (സി ഇ എം) യു എ ഇ റീജിയൻ സംയുക്ത വാർഷികം നടത്തി.

08-02-2025 ശനിയാഴ്ച വൈകിട്ട് 6 മണി മുതൽ 10 മണി വരെ ഷാർജ യൂണിയൻ ചർച്ചിൽ വെച്ച് റീജിയൻ സണ്ടേസ്കൂൾ അസോസിയേഷൻ ഡയറക്ടർ പാസ്റ്റർ ബ്ലസൻ ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം റീജിയൻ സി ഇ എം പ്രസിഡന്റ് പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ പ്രാർത്ഥിച്ച് ആരംഭിക്കുകയും ശാരോൻ സഭാ റീജിയൻ പാസ്റ്റർ ജോൺസൻ ബേബി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.റീജിയൻ സി ഇ എം ജോയിന്റ് ട്രഷറർ ബ്രദർ ഷാജി എബ്രഹാം സ്വാഗത പ്രസംഗം നടത്തി.





അധ്യക്ഷ പ്രസംഗത്തിന് ശേഷം വിവിധ സഭകളുടെ ഗാനം,സ്പെഷ്യൽ പ്രോഗ്രാം,ഗ്രൂപ്പ് സോംഗ്, ഗ്രൂപ്പ് ആക്ഷൻ സോംഗ്, കോറിയോഗ്രഫി, സ്കിറ്റ്, ഷാഡോ മൈം തുടങ്ങിയ വ്യത്യസ്തമായ പ്രോഗ്രാമുകൾ നടന്നു.പാസ്റ്റർ സാം കോശി(അസോ. റീജിയൻ പാസ്റ്റർ), പാസ്റ്റർ ഗിൽബെർട്ട് ജോർജ് (റീജിയൻ സെക്രട്ടറി), പാസ്റ്റർ ഡോ.ഷിബു വർഗീസ് (അബുദബി സെന്റർ പാസ്റ്റർ), പാസ്റ്റർ ബിജി ഫിലിപ്, ബ്രദർ ജോമോൻ പാറക്കാട്ട്,ബ്രദർ റിനു ഡി എന്നിവർ ആശംസാ സന്ദേശങ്ങൾ അറിയിച്ചു.റീജിയൻ സി ഇ എം ടാലന്റ് ടെസ്റ്റ് വിജയികൾക്കുള്ള സമ്മാന ദാനവും സണ്ടേസ്ക്കൂൾ പരീക്ഷാ റാങ്ക് ജേതാക്കൾക്കുള്ള സമ്മാനദാനവും സർട്ടിഫിക്കറ്റ് വിതരണവും പഠനം പൂർത്തീകരിച്ചവരുടെ ഗ്രാജുവേഷനും നടന്നു.

പാസ്റ്റർ ഡോ.ഷിബു വർഗീസ് ഗ്രാജുവേഷൻ സന്ദേശം നൽകി. പാസ്റ്റർ ജോൺസൻ ബേബി,പാസ്റ്റർ സാം കോശി,പാസ്റ്റർ ഗിൽബെർട്ട് ജോർജ്, പാസ്റ്റർ തോമസ് വർഗീസ്,പാസ്റ്റർ ബിജി ഫിലിപ്,ബ്രദർ ബിജു തോമസ്, ബ്രദർ എബ്രഹാം വർഗീസ്,ബ്രദർ ഷിബു ജോർജ്, ബ്രദർ ബെൻസ് മാത്യു,ബ്രദർ സാം പി മത്തായി തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു. സണ്ടേസ്കൂൾ എക്സാം ഇൻവിജിലേറ്റേഴ്സായി പ്രവർത്തിച്ച 21 പേർക്ക് പ്രത്യേക അനുമോദനം നൽകി.എസ് എഫ് സി ക്രൈസ്റ്റ് ചർച്ച് ജബൽ അലി റീജിയൻ സി ഇ എം ടാലന്റ് പരിശോധനയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയതിനുള്ള ചാമ്പ്യൻഷിപ് ട്രോഫി കരസ്ഥമാക്കി.

റീജിയനിലെ 17 സഭകളിൽ നിന്നായി 350 അംഗങ്ങൾ പങ്കെടുത്തു. ബെഥേൽ ശാരോൻ ചർച്ച് ക്വയർ പ്രെയ്സ് ആന്റ് വർഷിപ് നയിച്ചു. റീജിയൻ സി ഇ എം ജോയിന്റ് സെക്രട്ടറി ബ്രദർ സോജിത് സജി,റീജിയൻ സണ്ടേസ്കൂൾ അസോസിയേഷൻ എക്സാം കൺട്രോളർ ബ്രദർ എബി മാത്യു,ജനറൽ കോർഡിനേറ്റർ ബ്രദർ റോക്കി സാം, റീജിയൻ മീഡിയ ടീം സെക്രട്ടറി ബ്രദർ റ്റൈറ്റസ് പൊടിക്കുഞ്ഞ് മുതലായവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. റീജിയൻ സണ്ടേസ്കൂൾ സെക്രട്ടറി ബ്രദർ ബ്ലസൻ ലൂക്കോസ് നന്ദി പറഞ്ഞു. പാസ്റ്റർ ജോൺസൻ ബേബി പ്രാർത്ഥിച്ച് ആശീർവ്വാദം പറഞ്ഞ് യോഗം സമാപിച്ചു.



# ഇൻഡോ അമേരിക്കൻ പ്രസ്ക്ലബ് ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മാധ്യമ സെമിനാർ



**രാജു തരകൻ**

ഡാളസ് : പ്രവാസലോകത്തെ മാധ്യമ പ്രവർത്തകരുടെ പ്രോത്സാഹനത്തിനും വളർച്ചക്കും ഉപകാര പ്രഥമാകുന്ന മാധ്യമ സെമിനാറും വിവിധ പ്രോഗ്രാമുകളുമാണ് ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ആസൂത്രണം ചെയ്തിതിരിക്കുന്നത്.

മാർച്ച് 15ന് ശനിയാഴ്ച രാവിലെ പത്ത് മണിക്ക് (US central time) പ്രഥമ സെമിനാറിന് തുടക്കം കുറിക്കും. അനുദിനം മാറി കൊണ്ടിരിക്കുന്ന മാധ്യമ അന്തരിക്ഷത്തിൽ പത്രപ്രവർത്തകരുടെ കടമകൾ, അഭിപ്രായ സ്വാതന്ത്ര്യം, സോഷ്യൽ മീഡിയ മൂലം സംഭവിക്കുന്ന ഗുണങ്ങളും ദോഷങ്ങളും, തുടങ്ങിയ വിഷയങ്ങളാണ് സെമിനാറിലെ മുഖ്യവിഷയങ്ങൾ.

അതൊടൊപ്പം പ്രവാസിമലയാളികൾ ഇന്ന് അനുഭവിക്കുന്ന വിമാനടിക്കറ്റുകളുടെ അമിത വർദ്ധനവ്, വസ്തുക്കളുടെ ക്രയവിക്രയത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന അമിത നികുതി വർദ്ധനവ് തുടങ്ങിയ വിഷയങ്ങളും ഈ സെമിനാറിലെ ചർച്ചാ വിഷയങ്ങളായ് തെരഞ്ഞെടുത്തിട്ടുണ്ട്.

സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ, ദൃശ്യമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന ജേണലിസ്റ്റുകൾ തുടങ്ങിയവരാണ് വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും, സെമിനാറിൽ പങ്കെടുക്കുന്നവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുന്നത്.

ഡാളസ് ചാപ്റ്ററിന്റെ ഭാരവാഹികളായ ജോജി വർഗ്ഗീസ് (പ്രസിഡന്റ്), വിൽത്സൻ തരകൻ (വൈസ് പ്രസിഡന്റ്) ലിസാമ്മ സേവിയർ (സെക്രട്ടറി), രാജു തരകൻ (ട്രഷറർ), ബോർഡ് മെംമ്പറായ് പി.സി. മാത്യൂ, പട്രീഷ ഉമാശങ്കർ, മീന ചിറ്റലപ്പള്ളി, പ്രഫസർ ജോയ് പല്ലാട്ടുമടം തുടങ്ങിയവരാണ് സെമിനാറിന് നേതൃത്വം വഹിക്കുന്നത്.

സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക: ജോജി വഗ്ഗീസ് : 972 897 7093.

# ബെഥെസ്ദ മിനിസ്ട്രീസ് ക്യാൻസർ രോഗികൾക്ക് ധന സഹായം നൽകി ; മരണാസന്നരായ രോഗികളെ സഹായിക്കുക



ഇന്റർനാഷണൽ ബെഥെസ്ദ മിനിസ്ട്രീസ് ഈ മാസം 24 ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായം നൽകി. 5000 രൂപ വീതമാണ് നൽകിയത്. തീരെ പാവപ്പെട്ടവരെയാണ് സഹായത്തിനായി തെരഞ്ഞെടുത്തത്. ക്രൈസ്തവചിന്തയാണ് ഇവരെ കണ്ടെത്തിയത്.

നൂറുകണക്കിന് ക്യാൻസർ രോഗികളാണ് നമ്മുടെ സമൂഹത്തിലുള്ളത്. ഇതിൽ പലരും നിത്യ വൃത്തിക്ക് പോലും വകയില്ലാത്തവരാണ്. സ്വന്തമായി വീടില്ലാത്തവരാണ് പലരും. വീടും പറമ്പും വിറ്റ് ചികിത്സിച്ച് എല്ലാം നഷ്ടപ്പെട്ട് വാടക വീട്ടിലേക്ക് മാറിയവരുമുണ്ട്. പല കുഞ്ഞുങ്ങളുടേയും വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്ന സംഭവങ്ങളും ഉണ്ട്. രോഗിയെ പരിചരിക്കേണ്ടതുള്ളതുകൊണ്ട് കൂട്ടാളിക്ക് ജോലിക്ക് പോകാൻ കഴിയാതെ ദാരിദ്ര്യ ജീവിതം നയിക്കുന്നവരാണ് മിക്കവരും.

ഡയാലിസിസ് രോഗികളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. ക്രൈസ്തവചിന്തയുടെ നേതൃത്വത്തിൽ ഒരു വാട്ട്സാപ് ഗ്രൂപ്പ് കുറേപ്പേരെ സഹായിച്ചു വരുന്നു. അപേക്ഷയുടെ ബാഹുല്യം നിമിത്തം എല്ലാ രോഗികളെയും സഹായിക്കാനാവുന്നില്ല. ഗുരുതരമായ മറ്റ് രോഗങ്ങൾ ബാധിച്ച് നരകജീവിതം നയിക്കുന്നവരും നമ്മുടെ ഇടയിൽ ധാരാളമുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർക്ക് 3000 രൂപ വീതമാണ് നൽകുന്നത്. പണം കയ്യിൽ കൊടുക്കാറില്ല. ഈ ബാങ്കിങ്ങ് സിസ്റ്റത്തിലാണ് പണം അയയ്ക്കുന്നത്. ക്രൈസ്തവ ചിന്തയുടെ വാട്ട്സാപ് ഗ്രൂപ്പിൽ രസീതുകൾ പോസ്റ്റ് ചെയ്യും. ഡേബുക്ക് എഴുതി പോകുന്നതുകൊണ്ട് കൃത്യമായ വരവ് ചെലവ് കണക്കുകൾ പണം തരുന്നവർക്ക് ലഭ്യമാണ്.

നിങ്ങളുടെ 3000 രൂപ കൊണ്ട് ഒരാൾക്ക് ആഴ്ചയിൽ മൂന്ന് ഡയാലിസിസ് ചെയ്യാനാകും.

ഈ നിർദ്ധനരായ ദൈവമക്കളെ സഹായിക്കാൻ താൽപര്യമുള്ളവർ വിളിക്കുക.

കെ.എൻ റസ്സൽ
ചീഫ് എഡിറ്റർ
ക്രൈസ്തവചിന്ത
+91 94465 71642

# യു.പി.എഫ് –യു എ ഇയുടെ പുതിയ സാരഥികൾ



യു.പി.എഫ് യുഎഇ-യുടെ നാൽപത്തി മൂന്നാമത് തിരഞ്ഞെടുപ്പിലൂടെ ഈ പ്രവർത്തന വർഷത്തെ (2025) ഭാരവാഹികൾ കർമ്മസ്ഥാനികളായി. പ്രസിഡന്റ് പദവിയിലേക്ക് പാസ്റ്റർ ജോൺ വർഗീസ് തിരഞ്ഞെടുക്കപ്പെട്ടു.

വൈസ് പ്രസിഡന്റായി പാസ്റ്റർ സതീഷ് മാത്യു സ്ഥാനമേറ്റപ്പോൾ സെക്രട്ടറിയായി ബ്രദർ ബ്ലസ്സൻ ഡാനിയേലും ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് പ്രസാദ് ബേബിയും ട്രഷർ പദവിയിൽ ബെന്നി എബ്രഹാമും ജോയിൻ ട്രഷർ ചുമതലയിലേക്ക് റോബിൻസ് കീച്ചേരിയും തിരഞ്ഞെടുക്കപ്പെട്ടു.

ജനറൽ കോഡിനേറ്ററായി പാസ്റ്റർ ജോൺ മാത്യു നിയമിക്കപ്പെട്ടപ്പോൾ ക്യാമ്പ് കോർഡിനേറ്റർമാരായി പാസ്റ്റർ നിഷാന്ത് എം ജോർജ്, പാസ്റ്റർ റെജി മാത്യു, പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ് എന്നിവർ നിയമിതരായി. മീഡിയ കോർഡിനേറ്റർ പദവിക്ക് ബിജോ മാത്യു ബാബു അർഹനായി. ഓഡിറ്റർ പദവികളിലേക്ക് ബ്രദർ ജേക്കബ് ജോൺസൺ, ബ്രദർ യൂജിൻ എന്നിവരെ തിരഞ്ഞെടുത്തു.

രക്ഷാധികാരികളുടെ സ്ഥായിപദവികളിൽ ഡോക്ടർ കെ ഓ മാത്യു, ഡോക്ടർ വിൽസൺ ജോസഫ്, പാസ്റ്റർ ജേക്കബ് വർഗീസ് എന്നിവർ തുടരും.

CHRISTHAVACHINTHA
CHRISTIAN NEWS PAPER



# ‘നരി തിന്നാൽ നന്നോ മനുഷ്യന്മാരെ’

അഡ്വ. ചാർളി പോൾ
MA LL.B., DSS
ട്രെയ്നർ & മെന്റർ
Mob: 9847034600

മനുഷ്യനെ നരി തിന്നുന്നതിലെ അരക്ഷിതാവസ്ഥയും ദുര്യോഗവും ആവിഷ്കരിക്കുന്ന കവിതയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ 'ബുദ്ധനും നരിയും ഞാനും'. 'അരിയില്ല, തുണിയില്ല, ദുരിതമാണെന്നാലും നരി തിന്നാൽ നന്നോ, മനുഷ്യന്മാരെ' എന്ന കവിതയിലെ വരികൾ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴു തിയതാണെങ്കിലും ഈ 21-ാം നൂറ്റാണ്ടിലും പ്രസക്തമാണ്. അതേ അരക്ഷിതാവസ്ഥയിലും ദുരിതത്തിലും ഗതികേടിലുമാണ് മലയോരജനത.


വയനാട് മാനന്തവാടിയിൽ കാപ്പിത്തോട്ടത്തിൽ ജോലിക്കുപോയ ആദിവാസി വനിതയെ പട്ടാപ്പകലാണ് കടുവ പിടിച്ചുകൊണ്ടുപോയി കൊന്നുതിന്നത്. നരഭോജിയായ കടുവ മറ്റേതു വന്യജീവിയേക്കാളും അപകടകാരിയാണ്. ഏതുനിമിഷവും മനുഷ്യജീവൻ അപകടത്തിലാകുന്ന അരക്ഷിതവും കൊടുംഭീതിയും നിറഞ്ഞ അവസ്ഥയാണ് മലയോരമേഖലയിലുള്ളത്.





കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മാത്രം 9 പേർ കടുവകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. കേരളത്തിലെ കാടുകളിൽ 2010-ൽ 71 കടുവകൾ ഉണ്ടായിരുന്നത് 2023 ആയപ്പോൾ 213 ആയെന്നാണ് കണക്ക്. വയനാട്ടിലെ ജനവാസകേന്ദ്രങ്ങളിൽനിന്ന് 2012 മുതൽ 2022 വരെ 36 കടുവകളെ പിടികൂടിയിട്ടുണ്ട്. ആന, കടുവ, കാട്ടുപന്നി എന്നിവകളുടെ ആക്രമണത്തിൽ 2020-21 ൽ മാത്രം 114 പേർ കൊല്ലപ്പെട്ടു. മുറിവേല്പിക്കപ്പെട്ടവർ 758. കൊല്ലപ്പെട്ട പശുക്കളുടെ എണ്ണം 514.





വന്യജീവി ആക്രമണങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ വയനാട് ജില്ലയിൽ മാത്രം 60 പേർ കൊല്ലപ്പെട്ടു. ഇവരിൽ 51 പേരെ കൊന്നത് കാട്ടാനകളാണ്. വയനാട്ടിൽ 1980 മുതൽ 2023 വരെ വന്യമൃഗ ആക്രമണത്തിൽ 151 പേർ കൊല്ലപ്പെട്ടു. ഇക്കാലയളവിൽ തിരുനെല്ലി പഞ്ചായത്തിൽ മാത്രം 88 പേർ കൊല്ലപ്പെട്ടു. വന്യജീവി ആക്രമണത്തിൽ ജില്ലയിൽ 645 പേർക്ക് ഗുരുതര പരിക്കേറ്റു. 250 ൽ അധികം വീടുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ തകർന്നു. 95 വാഹനങ്ങൾ തകർക്കപ്പെട്ടു. ഹെക്ടർ കണക്കിന് ഭൂമിയിൽ കൃഷിനാശമുണ്ടായി. മനുഷ്യരുടെ ജീവിതം വന്യജീവികൾ കാർന്നുതിന്നുകയാണ്. ചങ്കുപിടയ്ക്കുന്ന സങ്കടങ്ങളും മനസ്സുനോവിക്കുന്ന കണ്ണീർകഥകളുമാണ് മലയോര ജനതയ്ക്ക് പറയാനുള്ളത്.

മനുഷ്യ-വന്യമൃഗ സംഘർഷത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ആയിരക്കണക്കിന് വർഷങ്ങൾ പ്രകൃതിയോടെന്നപോലെ മൃഗങ്ങളോടും മല്ലിട്ടാണ് മനുഷ്യൻ ജീവിച്ചത്. മനുഷ്യൻ ക്രമേണ കാടിറങ്ങി സ്വന്തം ആവാസവ്യവസ്ഥയും വിഭവങ്ങളും ഭക്ഷണശൃംഖലയും രൂപപ്പെടുത്തി. സംഘർഷത്തിൽ അയവും വന്നു. എന്നാൽ ക്രമേണ കാട്ടിലെ കാലാവസ്ഥാവ്യതിയാനം, ഭക്ഷണ-കുടിവെള്ള ക്ഷാമം, കാടിനോടുചേർന്നുള്ള കൃഷി, വന്യമൃഗങ്ങ ളുടെ വംശവർദ്ധന തുടങ്ങി ഒട്ടേറെ കാരണങ്ങൾ വീണ്ടും സംഘർഷത്തിലേക്ക് നയിക്കുകയാണ്. ഭൂമിയിൽ മനുഷ്യ നോളം വലുതായിട്ടൊന്നുമില്ല, മനുഷ്യന് സ്വസ്ഥമായി ജീവിക്കാനുള്ള അവകാശത്തിന് മേലയാകരുത് വന്യജീവി സംരക്ഷണ നിയമങ്ങൾ.
ആധുനിക പ്രതിരോധ മാർഗ്ഗങ്ങളും പരിഷ്കൃതരാജ്യങ്ങളിൽ പരീക്ഷിച്ചു വിജയിച്ച പദ്ധതികളും ഇവിടെ ആവിഷ്കരിക്കണം

സൗരോർജത്താൽ പ്രവർത്തിക്കുന്ന വൈദ്യുതവേലികൾ വ്യാപകമായി നിർമിക്കണം. കേരളത്തിലെ വനങ്ങളുടെ അതിർത്തി 16,000 കിലോമീറ്ററാണ്. അതിൽ 550 കി.മീറ്ററിൽ മാത്രമാണ് ഇപ്പോൾ സൗരവേലിയു ള്ളത്. വലിയ കിടങ്ങുകൾ ഉണ്ടാക്കിയും തേനീച്ചക്കോളനികൾ വനാതിർത്തിയിൽ തുടരെ സ്ഥാപിച്ചും പരിഹാരം കണ്ടെത്താം. ഭക്ഷണവും വെള്ളവും തേടി ജനവാസമേഖലയിൽ പ്രവേശിക്കുന്നത് ഒഴിവാക്കാൻ ജലവും ഭക്ഷ്യവസ്തു ക്കളും കാട്ടിനുള്ളിൽതന്നെ ലഭ്യമാക്കാനുള്ള വനംവകുപ്പിന്റെ 'മിഷൻ ഫുഡ്, ഫോഡർ ആന്റ് വാട്ടർ" പദ്ധതി ഉടൻ നടപ്പിലാക്കണം. വനാന്തരത്തിലെ ജലസ്രോതസ്സുകൾ പരിപാലിച്ചും ചെളി, മണൽ നീക്കംചെയ്ത് സംഭരണശേഷി കൂട്ടിയും പുതുതായി കുളങ്ങൾ നിർമിച്ചും വെള്ളപ്രശ്നത്തിന് പരിഹാരം കണ്ടെത്താം. മണ്ണിലെ സ്വാഭാവിക ജലാംശം ഇല്ലാതാക്കുന്ന അക്കേഷ്യാ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം മുതലായ വിദേശഇനം വൃക്ഷത്തോട്ടങ്ങൾ നീക്കംചെയ്യണം. മഞ്ഞക്കൊന്ന, ലെന്റാന, സെന്ന തുടങ്ങിയ അധിനിവേശസസ്യങ്ങളെ ഉന്മൂലനം ചെയ്യണം. സ്വാഭാവിക വനങ്ങളെ വളരാൻ അനുവദിച്ച്, വനത്തിനകത്തെ വയലുകൾ വൃത്തിയാക്കി അവിടെ മുള, ഇല്ലി തുടങ്ങിയ തദ്ദേശീയ സസ്യങ്ങളും പ്ലാവ്, മാവ്, ആഞ്ഞിലി തുടങ്ങിയ ഫലവൃക്ഷങ്ങളും വെച്ചുപിടിപ്പിക്കണം. മുളയും ഈറ്റയുമെല്ലാം ആനയുടെ വിശിഷ്ട ഭോജ്യമാണ്.

നമ്മുടെ വനത്തിന് താങ്ങാൻ കഴിയുന്നതിലേറെയുള്ള മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ ഇല്ലായ്മ ചെയ്തു വനത്തിന്റെ സന്തുലിതാവസ്ഥ വീണ്ടെടുക്കണം. കൂടുതലുള്ളതിനെ മൃഗശാലകൾക്കും വന്യമൃഗകേന്ദ്ര ങ്ങൾക്കും നല്കാം. ഏറെ നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികള കേന്ദ്രവന്യമൃഗസംരക്ഷണനിയമം 62-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ച് വെടിവെച്ച് കൊല്ലാൻ കർഷകരെ അധികാരപ്പെടു ത്തണം. ഉത്തരാഖണ്ഡ്, ഉത്തരപ്രദേശ് എന്നിവിടങ്ങളിൽ കാട്ടുപന്നി, ചിലതരം കുരങ്ങുകൾ എന്നിവയെല്ലാം ക്ഷുദ്ര ജീവികളായി പ്രഖ്യാപിച്ചുകഴിഞ്ഞു. തമിഴനാട് സർക്കാർ കാട്ടുപന്നികളെ കൊല്ലാൻ ഉത്തരവിട്ടുകഴിഞ്ഞു.

കേരളത്തിൽ വനപ്രദേശങ്ങളോടുചേർന്നാണ് 400-ൽപ്പരം പഞ്ചായത്തുകൾ ഉള്ളത്. അവിടത്തെ ഒന്നരക്കോടിയോളം ജനങ്ങളാണ് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ മുൾമുനയിൽ ജീവിക്കുന്നത്. മരണഭീതിയിൽ ഉറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. അത്യന്തം ആപത്കരവും ഭയാനകവുമായ ഈ അവസ്ഥക്ക് പരിഹാരം ഉണ്ടായേ തീരൂ. സ്വസ്ഥമായ ജീവിതം മനുഷ്യന്റെ അവകാശമാണ്. അത് സാർത്ഥകമാക്കേണ്ടത് അധികാരികളുടെ ബാധ്യതയാണ്.

**യേശുവിനെ പ്രസാദിപ്പിക്കുവാനും യജമാനന്റെ ഇഷ്ടം നിവർത്തിക്കുവാനും അരമുറുക്കി ഇറങ്ങിയ ഭക്തന്മാർ എക്കാലവും കനത്ത വില കൊടുത്തിട്ടുണ്ട്. ഒരു തീജ്വാല പോലെ ആളിക്കത്തിയ യോഹന്നാൻ സ്നാപകൻ പടവാളിനു മുമ്പിൽ കഴുത്തു നീട്ടിക്കൊടുക്കുകയായിരുന്നു. കഷ്ടത എന്ന കഠിനശോധനയുടെ തീ ജ്വാലയുടെ നടുവിൽ കിടന്ന് ആളിക്കത്തുമ്പോഴും ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ അഗ്നിക്കഷണങ്ങളായി മാറുകയാണ് തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ അപ്പോസ്തോലന്മാർ.**

**ക്രിസ്ത്യാനി ആയിട്ട് ചങ്കൂറ്റത്തോടെ നല്ല യജമാനന് വേണ്ടി കഷ്ടം സഹിച്ചുകൊണ്ട് അവനെ പ്രസാദിപ്പിച്ച് അവനോടൊപ്പം വാഴുവാൻ ആശിച്ചതുകൊണ്ട് ഭക്തനായ റിച്ചാർഡ് ഉം ബ്രാണ്ടിന് റൊമാനിയുയുടെ തണുത്ത കാരാഗ്രഹം ഒരു ശാപമായിരുന്നില്ല പ്രത്യുതാ ഒരു അഭിമാനമായി മാറി. യേശു പറയുന്നു ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് (1 യോഹന്നാൻ 2–14) വീണ്ടും പറയുന്നു ലോകസ്നേഹം ദൈവത്തോട് ശത്രുതമാകുന്നു.**



പാസ്റ്റർ മാത്യു വർഗീസ്, ഡാളസ്

# ദൈവപ്രസാദമോ ? ലോകപ്രസാദമോ ?

തിരുഹിതം നിറവേറ്റുവാൻ തിരഞ്ഞെടുക്കപ്പെട്ട മൺപാത്രങ്ങൾ അത്രേ ദൈവത്തിന്റെ വിശുദ്ധ ജനം.

നന്മയും പൂർണ്ണതയും ഉള്ള ദൈവഹിതം എന്തെന്ന് തിരിച്ചറിഞ്ഞു മുന്നോട്ട് കാലടുത്തുവയ്ക്കുന്നവരാണ് സാക്ഷാൽ വീണ്ടെടുക്കപ്പെട്ടവർ. ലോകത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പരക്കം പായുന്നവർ അല്ല ഇവർ. പ്രത്യുതാ പരിശുദ്ധാത്മാവിന്റെ നദിയിൽ ജീവിതത്തിന്റെ നൗക ഇറക്കിയവരെത്രേ ഇവർ. ലക്ഷ്യം ക്രിസ്തുവിനെ പ്രസാദിപ്പിക്കണം എന്നുള്ള വാഞ്ചഇവരുടെ ഹൃദയത്തിന്റെ തുടിപ്പുകൾ അത്രേ. അഭിമാനം കണ്ടെത്തുന്നത് നേട്ടങ്ങളുടെയും പ്രശസ്തിയുടെയും പടികളിൽ നിന്നുകൊണ്ടല്ല.

എന്നാൽ ചങ്ങലയ്ക്ക് തളച്ച് ഇടുവാൻ കഴിയാത്തതും തടവറയ്ക്ക് മൂടിവെക്കുവാൻ കഴിയാത്തതുമായ സുവിശേഷത്തെ ഉയർത്തിപ്പിടിക്കുന്നതിൽ ആണെന്നും കണ്ടെത്തുന്നു. മുറിച്ചുമാറ്റുവാൻ കഴിയാത്ത യേശുവിന്റെ മഹാസ്നേഹം എന്നും പങ്കുവയ്ക്കുന്നതിൽ ഇവർ അഭിമാനം കണ്ടെത്തി. പടചേർത്തവനെ പ്രസാദിപ്പിക്കുവാൻ വേണ്ടി പട്ടണത്തിലെ തല്ലും പരിഹാസവും അലങ്കാരങ്ങൾ ആയി തിരഞ്ഞെടുത്തു. ധന്യനായ പൗലോസ് പറയുന്നു 'അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു' (2; കൊരിന്ത്യർ 5–9)

ഈ തീരുമാനത്തെ ഉയർത്തിപ്പിടിച്ച ഭക്തന് പള്ളിയറയും പട്ടു മെത്തെയും ലഭിച്ചില്ല. പട്ടണത്തിലെ പ്രധാന സ്ഥലം തേടി വന്നില്ല. ചെണ്ടമേളവും പൂമാലയും എങ്ങും കാത്തു നിന്നില്ല. കോലു കൊണ്ടുള്ള അടി പൊതിരേ ഏറ്റുവാങ്ങി. പട്ടണത്തിന് പുറത്തേക്ക് വലിച്ചിഴയ്ക്കപ്പെട്ടു.

പൂമാലകൾ കഴുത്തിൽ വീണില്ല .പകരം ഇരുമ്പ് ചങ്ങലകൾ കൊണ്ട് കയ്യും കാലും വരിഞ്ഞുമുറുക്കി. കഴുത്തിൽ പടവാൾ ആഴ്ന്നിറങ്ങി. സുവിശേഷത്തിന്റെ ഒരു അടിമ തളയ്ക്കപ്പെട്ടുവെങ്കിലും തകർക്കപ്പെട്ടില്ല. കഷ്ടതയുടെ കഠിനശോധനയിലും ദൈവത്തിനു പ്രസാദമാംവണ്ണം ജീവിച്ച് കത്തി അമരുവാൻ വെമ്പൽ കൊണ്ടു വിശുദ്ധന്മാർ.



ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ കൊതിക്കുന്ന ദൈവത്തിന്റെ ജനനം രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നതിൽ അഭിമാനം കൊള്ളുന്നു. 2 കൊരിന്ത്യർ 2.15 ക്രിസ്തുവിന് പ്രസാദമുള്ള യാഗമായി ജീവിതം മാറ്റപ്പെടണം ഇതായിരിക്കട്ടെ ഭക്തന്റെ ആപ്തവാക്യം.

വിശുദ്ധിയുടെ കാവൽഭടനായ യോസേഫ് ദൈവപ്രസാദം മാത്രം ലക്ഷ്യമാക്കി ഓടിയത് കൊണ്ട് പൊട്ടക്കിണറ്റിൽ വീണുവെങ്കിലും മുൾപടർപ്പിൽ വസിച്ചവന്റെ പ്രസാദം ശിരസ്സിൽ ഏറ്റുവാങ്ങി.

ഫറവോന്റെ പ്രസാദം വേണ്ട എന്ന് പറഞ്ഞുകൊണ്ട് കൊട്ടാരത്തിന്റെ പടികൾ ചവിട്ടി ഇറങ്ങിയ മോശയ്ക്ക് രാജാവിന്റെ കോപം ഏറ്റുവാങ്ങേണ്ടി വന്നുവെങ്കിലും വേദപുസ്തകം വിളിച്ചു പറയുന്നുണ്ട് മോശയെ പോലെ പോലെ സൗമ്യനായവൻ ഭൂതലത്തിൽ ആരുമില്ല.



യേശുവിനെ പ്രസാദിപ്പിക്കുവാനും യജമാനന്റെ ഇഷ്ടം നിവർത്തിക്കുവാനും അരമുറുക്കി ഇറങ്ങിയ ഭക്തന്മാർ എക്കാലവും കനത്ത വില കൊടുത്തിട്ടുണ്ട്. ഒരു തീജ്വാല പോലെ ആളിക്കത്തിയ യോഹന്നാൻ സ്നാപകൻ പടവാളിനു മുമ്പിൽ കഴുത്തു നീട്ടിക്കൊടുക്കുകയായിരുന്നു. കഷ്ടത എന്ന കഠിനശോധനയുടെ തീ ജ്വാലയുടെ നടുവിൽ കിടന്ന് ആളിക്കത്തുമ്പോഴും ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ അഗ്നിക്കഷണങ്ങളായി മാറുകയാണ് തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ അപ്പോസ്തോലന്മാർ.

ക്രിസ്ത്യാനി ആയിട്ട് ചങ്കൂറ്റത്തോടെ നല്ല യജമാനന് വേണ്ടി കഷ്ടം സഹിച്ചുകൊണ്ട് അവനെ പ്രസാദിപ്പിച്ച് അവനോടൊപ്പം വാഴുവാൻ ആശിച്ചതുകൊണ്ട് ഭക്തനായ റിച്ചാർഡ് ഉം ബ്രാണ്ടിന് റൊമാനിയുയുടെ തണുത്ത കാരാഗ്രഹം ഒരു ശാപമായിരുന്നില്ല പ്രത്യുതാ ഒരു അഭിമാനമായി മാറി. യേശു പറയുന്നു ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് (1 യോഹന്നാൻ 2–14) വീണ്ടും പറയുന്നു ലോകസ്നേഹം ദൈവത്തോട് ശത്രുതമാകുന്നു.

യേശുവിന്റെ പാത കുരിശിന്റെ പാതയത്രേ. ഈ പാതയിൽ കൂടി യാത്ര ചെയ്യുന്നവർക്ക് രണ്ട് യജമാനന്മാരെ സേവിക്കുവാനോ പ്രസാദിപ്പിക്കുവാനോ സാധ്യമല്ല. കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ ജന്മം കൊണ്ടവന് ആഗ്രഹം ഒന്ന് ആശയം ഒന്ന് അത് മറ്റൊന്നുമല്ല നല്ലവനും വിശ്വസ്തനുമേ, നല്ല ദാസനെ ആ നല്ല വിളി കാതുകളിൽ മുഴങ്ങികേൾക്കണം. മരിച്ചവരുടെ ഇടയിൽ നിന്ന് നല്ല ഒരു പുനരുദ്ധാനം പ്രാപിക്കണം. ഇവിടുത്തെ പടവുകൾ ചവിട്ടിക്കയറുവാൻ കഴിഞ്ഞില്ലെങ്കിലും നിത്യതയുടെ പടവുകൾ ചവിട്ടിക്കയറണം. കലർപ്പില്ലാത്ത സുവിശേഷത്തിന്റെ പ്രതിബിംബങ്ങൾ ആയി മാറ്റപ്പെടണം. അനുമോദനമോ അംഗീകാരമോ തേടി വന്നില്ലെങ്കിലും നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ തേടി ഇറങ്ങിത്തിരിച്ച നല്ല ഇടയനെ ഉയർത്തിപ്പിടിക്കണം. കേവലം നിഴൽ പോലെ മാറ്റപ്പെടുന്ന മനുഷ്യകുലത്തിന്റെ പ്രശംസ പിടിച്ചുപറ്റുവാൻ തുനിയാതെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കാതെ മുന്നോട്ട് ലക്ഷ്യം തെറ്റാതെ പായുന്നവനാണ് ഒരു യഥാർത്ഥ ദൈവഭക്തൻ. വഴിയോര കാഴ്ചകൾ പലതും മാടി വിളിക്കുമെങ്കിലും ദൈവീക ദർശനം ഒരിക്കലും മങ്ങാതെ ഹൃദയ ഭിത്തികളിൽ സൂക്ഷിക്കുന്നവനാണ് ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു ക്രിസ്തു ഭക്തൻ. ജീവനാലാകട്ടെ മരണത്താൽ ആകട്ടെ വചനത്തിന്റെ സത്യങ്ങൾക്ക് മായം കലർത്താതെയും ദൈവീക പ്രമാണങ്ങൾക്ക് അയവ് വരുത്താതെയും കുരിശിന്റെ സാക്ഷ്യത്തെ വളച്ചുകെട്ടില്ലാതെ ഘോഷിക്കുകയും ചെയ്യുന്ന ജീവിതങ്ങൾ എന്നും ക്രിസ്തുവിൻറെ അനുഗ്രഹപത്രങ്ങളാണ് അവർ അവന് പ്രസാദകരമായ കാഴ്ചവയ്ക്കുന്നു.

# രോഗിയായ അമ്മയെ പൂട്ടി പട്ടിണിക്കിട്ട് മകൻ കുംഭമേളയ്ക്ക് പോയി; അമ്മയെ നോക്കാതെയുള്ള യാത്ര എന്ത് പുണ്യം



റാഞ്ചി: 68 വയസുള്ള രോഗിയായ അമ്മയെ വീട്ടിൽ പൂട്ടിയിട്ട് മകൻ കുംഭമേളയ്ക്ക് പോയി. നാല് ദിവസങ്ങൾക്ക് ശേഷം, വൃദ്ധയായ സ്ത്രീ ക്വാർട്ടേഴ്സിന്റെ ഗേറ്റിലെത്തി സഹായത്തിനായി മുട്ടിയപ്പോൾ അയൽവാസിയാണ് അവശയായ സഞ്ജു ദേവിയെ കാണുന്നത്. ഝാർഖണ്ഡിലെ രാംഗഢ് മേഖലയിലാണ് സംഭവം.

ആരോ അകത്തു നിന്ന് ഗേറ്റിൽ മുട്ടുന്നത് കേട്ടു. ഗേറ്റിലെ ദ്വാരത്തിലൂടെ നോക്കിയപ്പോൾ സഞ്ജു ദേവി സഹായത്തിനായി കരയുന്നത് കണ്ടതായി അയൽവാസി പറഞ്ഞു. ഉടൻ തന്നെ മറ്റുള്ളവരെ വിവരം അറിയിക്കുകയും അവർ പൂട്ടുതുറന്ന് വൃദ്ധയെ രക്ഷിക്കുകയും ചെയ്തു. വിശന്ന് അവശയായ നിലയിലാണ് അവരെ കണ്ടെത്തിയത്. മകൻ അഖിലേഷ് പ്രജാപതി ഭാര്യ സോണിയോടും കുട്ടികളോടും അമ്മായിയമ്മയ്ക്കുമൊപ്പമാണ് പ്രയാഗ് രാജിൽ പുണ്യസ്നാനം നടത്താൻ അമ്മയെ വീട്ടിനുള്ളിൽ പൂട്ടിയിട്ട് പോയത്.

സഞ്ജുദേവിയുടെ കാലിനും കൈക്കും ഗുരുതരമായ പരിക്കുകൾ ഉണ്ടായിരുന്നു. കാലുകളിലെ മുറിവുകളിൽ നിന്ന് ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. സംസാരിക്കാനോ നടക്കാനോ സാധിക്കാത്ത നിലയിലാണ് സഞ്ജു ദേവിയെ കണ്ടെത്തിയത്. വിവരമറിഞ്ഞ് ഇവരുടെ സഹോദരനും മകളും സ്ഥലത്തെത്തി. കുംഭമേളയ്ക്ക് പോകുന്ന വിവരം സഹോദരൻ തന്നെ അറിയിച്ചില്ലെന്നും അയാൾ എപ്പോഴും സ്വാർഥനാണെന്നും എന്നാൽ ഇത്രത്തോളം തരംതാഴ്ന്നു പോയെന്ന് കരുതിയില്ലെന്നും സഹോദരി പറഞ്ഞു.

എന്നാൽ അമ്മയ്ക്ക് സുഖമില്ലാത്തതിനാലാണ് കുംഭമേളയ്ക്ക് കൊണ്ടുപോകാത്തതെന്നാണ് മകന്റെ വിശദീകരണം. അമ്മയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടാണ് പ്രയാഗ് രാജിൽ പോയതെന്നാണ് മകന്റെ വിശദീകരണം.



അയൽവാസികൾ ഗേറ്റിന്റെ പൂട്ട് തുറക്കുന്നു

CCHINTHA MATRIMONY 1261

## MBA STUDENT IN US WANTED BRIDE

Pentecostal parents invite proposals for their son age 25 (DOB 20/1/2000) Height 5'10". Currently pursuing MBA (Health care Administration) in US. Seeking suitable alliances from the parents of spiritual and educated girls settled in US.

Ph: +91 9670512045

CCHINTHA MATRIMONY 1260

## GERONTOLOGIST IN CANADA WANTED BRIDEGROOM

Syrian Christian Pentecostal parents invite proposals for their daughter, B.Sc Cardiac Perfusion, PG in Health System Management and Gerontology, (DOB: 06/12/1999, 159 cm, 52kg) Working in Canada. Seeking suitable alliances from Spiritual and Professionally qualified Boys from Canada.

Contact +91 9605538060

CCHINTHA MATRIMONY 1259

## B.SC NURSE IN IRELAND WANTED BRIDE

Syrian Christian Pentecostal man working in Ireland 37/170 cm, (DoB 15.11.86) B.Sc Nurse, Divorced (one week marriage life) invites marriage proposals from parents of suitable spiritual Pentecostal, Marthoma, Evangelical, CSI girls.

Contact, Whats App
08138976280, 9400462431

CCHINTHA MATRIMONY 1258

## MBBS DOCTOR WANTED BRIDE

Syrian Christian Pentecostal parents invite proposals for their son DOB:22/9/1995, 170cm, 76kg, MBBS (doctor) working in a private hospital as Resident Medical Officer. Seeking suitable alliances from spiritual and professionally qualified girls from Abroad and India

Ph:+91-8547317844
:+91-9446977844

CCHINTHA MATRIMONY 1257

## CLINICAL EDUCATOR IN DUBAI WANTED BRIDEGROOM

Pentecostal lady 40 divorced without liabilities. Bsc nurse and masters in hospital administration. Working as Clinical educator in a reputed hospital in Dubai. Seek suitable proposal.

Contacts: +971 50 5834967
email: johnvebenezer@gmail.com

CCHINTHA MATRIMONY 1256

## SENIOR RESEARCH CO-ORDINATOR WANTED BRIDEGROOM

Pentecostal parents are seeking proposals for their daughter (1/12/87) M.Sc, M.Phil Microbiology and working as a Senior Research Co-Ordinator. Inviting alliances from parents of God fearing, baptised and professionally qualified boys

Contacts: 9446784867
0096 6502751929

CCHINTHA MATRIMONY 1255

## TECHNICAL SUPPORT ADVISOR WANTED BRIDE

Syrian Christian Pentecostal parents settled in Mumbai invite proposals for their son, DOB 4/5/1992, height 185cm, fair complexioned, Pursuing M.Sc Computer Science, currently working as Technical Support Advisor cum Project Manager from parents of quafied and spiritual girls.

Ph: +919833366952
+918652201949

CCHINTHA MATRIMONY 1254

## ENGINEER IN ABU DHABI WANTED BRIDEGROOM

Born again girl 33/155 Engineer working in MNC Abu Dhabi invite proposals from suitable employed born again professional boys.

Mob: 9447208215
9446816518.

CCHINTHA MATRIMONY 1253

## US SCHOOL PYSCHOLOGIST WANTED BRIDEGROOM

CSI parents seek proposals for their daughter, US citizen 37 years, 5' 10", fair, graduate in Masters of Psychology, currently working as School Pyschologist in NewYork and other states, God fearing, caring, family oriented and lovable. Alliances are invited from parents of suitable boys from any christian denomination.

Ph: + 1718 866 6830
+ 1917 753 1391

CCHINTHA MATRIMONY 1252

## MDS FINAL YEAR GIRL WANTED BRIDEGROOM

Syrian Christian Pentecostal parents inviting proposals for their born again, babtized, holy spirit filled, God fearing daughter (March 1995, 5'3"/ non ornamental) born and brought up in Delhi. She completed her BDS & FMC and is currently pursuing MDS in Oral and Maxillofacial surgery (Final year). Seeking a suitable alliance from the parents of Born again, baptized, spirit filled,God fearing professionally qualified boys.

WhatsApp Contact
+91 9818634918 / 9818914871

CCHINTHA MATRIMONY 1251

## B.COM. GIRL WORKING IN ERNAKULAM WANTED BRIDEGROOM

Pentecostal parents of a reputed family invite proposals for their daughter working in a reputed organization, Ernakulam, DOB 26 July 1997, height 5' 6", fair complexioned, born and brought up in Abudhabi, B.Com. Hons from Amity University Dubai. Seek alliances from parents of professionally qualified and spiritual boys.

Ph +91 7907341231
+91 6282160678

CCHINTHA MATRIMONY 1250

## US CITIZEN GIRL WANTED BRIDEGROOM

Proposals are invited for a US Citizen Pentecost girl 33 yrs, 5' 2", Senior Human Resources Business Partner at a financial services company, Licenced Real Estate agent, Bachelors in Christian ministries, worship leader, involved in different global ministries. Seek alliances preferably from US Residents.

Contact: 214 606 7516

CCHINTHA MATRIMONY 1249

## വധുവിനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ പെന്തക്കോസ്തു യുവാവ് (Age-42, Hight-179, B. A Sociology, BTH, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

Ph: 9847683343

CCHINTHA MATRIMONY 1248

## MS ENGINEER WANTED BRIDE

Pentecostal parents settled in Bangalore invite proposals for their son 32 years (M.Sc., MS Engineering(UK), 5ft 10in / 177cm) from Pentecostal parents of educated and qualified girls.

Phone 991 680 3920
+91 988 091 3001

CCHINTHA MATRIMONY 1247

## HR MANAGER IN UAE WANTED BRIDEGROOM

Pentecostal parents invite proposals for their daughter, DOB-19/10/1999, height 173 CM, born & brought-up in the Saudi Arabia, Baptized & God fearing, B.Com, MBA, working in Dubai.

Interested parents may contact or send the details to WhatsApp.
00966 505890978
Mail: binupymd@gmail.com

CCHINTHA MATRIMONY 1246

## MBBS DOCTOR WANTED BRIDEGROOM

Pentecostal parents invite alliances for their daughter DOB 23/1/1997, 155 cm, MBBS, currently working as Junior Medical Officer in a Mission Hospital Bihar, from parents of qualified Doctors.

Contact: +91 9446685915

CCHINTHA MATRIMONY 1245

## B.Com, MBA Boy in USA WANTED BRIDE

Pentecostal parents invite proposals for their Son DOB: 03/22/1997, age 27, Height 5'4, B.Com,MBA. Currently residing and working in USA. Seeking alliances from spiritual and educated girls. Also, interested in IT & Medicals professionals. Preferably from migrated families from the Middle East settled in USA.

Contact: +14237509175

CCHINTHA MATRIMONY 1244

## US Citizen Settled in Newyork WANTED BRIDE

Pentecostal Parents invite proposals for their born again son,US Citizen, 41 yrs, 175 CM, fair, (first marriage), Graduate in Finance and Accounting and working and Settled in New York. Proposals are invited from parents of suitable girls from USA/Canada from any Christian denomination

Contact number (WhatsApp)
+91 9496101012



# സഭാ ശുശ്രൂഷകൻമാരെ ആവശ്യമുണ്ട്

ആലപ്പുഴ, മലപ്പുറം, വയനാട്, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിലെ പെന്തക്കോസ്ത് സഭകളിലേക്ക് സഭാ ശുശ്രൂഷകൻമാരെ ആവശ്യമുണ്ട്

താല്പര്യമുള്ളവർ ബയോഡേറ്റ വാട്ട്സാപ്പിൽ അയക്കുക.
**87149 06124**



# ഡ്രൈവറെ ആവശ്യമുണ്ട്

തിരുവല്ലയിൽ രണ്ട് പേർ മാത്രമുള്ള ഒരു കുടുംബത്തിലേക്ക് ഡ്രൈവറെ ആവശ്യമുണ്ട്. ഡ്രൈവർ ജോലി അധികം ഇല്ലാത്തതുകൊണ്ട് വീട്ടിലെ മറ്റ് ജോലികൾ കൂടെ ചെയ്യാൻ സന്നദ്ധരായിരിക്കണം. താമസസൗകര്യവും ഭക്ഷണവും ആകർഷകമായ ശമ്പളവും ലഭിക്കും.

താൽപര്യമുള്ളവർ വിളിക്കുക
ഫോൺ: **+91 94468 16953**



# WANTED PASTOR

A pentecostal Malayalee church in Dallas, Texas, is seeking a full-time pastor. Applicants should have a minimum 3 years of pastoral experience, Green card holder or U.S. citizenship.

Send applications to
**dallaschurchtx@gmail.com**

TRUE LIGHT ENGLISH SCHOOL
PADIYOTUCHAL



## നോർത്ത് മലബാറിലെ ഏക CBSE അഫിലിയേറ്റഡ് പെന്തക്കോസ്ത് മാനേജ്മെന്റ് സ്കൂൾ

# TRUE LIGHT ENGLISH SCHOOL

Padiyottuchal, Kannur District

Affiliated to CBSE; Affiliation No.: 931431
Recognised By Govt. of Kerala. GO (Ms) No. 86/2021/GEND

95 444 888 58 | 04985 290 290 | 95 39 11 31 21

www.truelightindia.com
truelightkerala@gmail.com
Ttruelight Padiyottuchal
its_the_true_light

2025-26 ADMISSION STARTED

LKG മുതൽ 10–ാം ക്ലാസ്സ് വരെ
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
ഹോസ്റ്റൽ സൗകര്യം

# Harvest Mission College & Harvest Mission Churches

Invite you to the Seven days of Spiritual Festival at HMC Campus

# Harvest FESTIVAL 2025

Leadership Seminar, Convention, Convocation
Musical Concert and Cultural Events

10-16 March 2025 | 09.00 am - 09:00 pm
HMC Auditorium, Knowledge Park-3, Greater Noida
0120 - 6251814

Silver Jubilee Celebrations

SPEAKERS



PR. V.T. ABRAHAM, REV. DR. BABU THOMAS, REV. DR. PAPPY MATHAI
REV. BABU JOHN, PR. C. T. ABRAHAM, PR. PUAL GOPALAKRISHNAN
REV. BIJU JOHN, PR. JOHN NINAN, PR. P.M. JOHNSON

HMC 23rd Graduation will be held on 16th March 2025 at 04:00 pm

Worship will be led by Anointed Servants of God along with HMC Choir

Accommodation and Food will be provided to outstation delegates
Lunch and snaks will be served to all participants of the seminar

For Further Information Contact:
Rev. Biju John : 9811373357
Ajith Kumar S. L. : 7736035708
Blessen G. Samuel : 9891223442

Watch live on Harvest Mission College

Registered
RNIKERMAL/1999/00213
Date of Publication : **2025 February 22**
Email : **ccnewsbag@gmail.com**

# CHRISTHAVACHINTHA
First Christian Cultural Publication for all Keralites

*Address for Correspondence:*
**CHRISTHAVACHINTHA**
Mesh Computers, Chelamattom,
Okkal P.O. - 683 550, Ernakulam Dt., Kerala.
Mob:**9846271741, 9446571642, 0484-2982512**

# നമ്മുടെ കൺവെൻഷനുകളിൽ പറയേണ്ടതും പറയാൻ പാടില്ലാത്തതും



**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**
**9400079490**

ചെറുതും വലുതുമായ നമ്മുടെ കൺവെൻഷനുകൾ നടന്നുകൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്.പ്രസ്ഥാനങ്ങളുടെ നിലനിൽപ്പിനു തന്നെ കൺവെൻഷനുകൾ ഒരു അത്യാവശ്യ ഘടകമായി മാറിയിരിക്കുന്നു. വിശ്വാസികളുടെ ഒത്തുചേരലിന് മാത്രമല്ല സംഘടനാപരമായ ആവശ്യങ്ങൾക്കും കൺവെൻഷനുകൾ പ്രയോജനപ്പെടുന്നു.എന്നാൽ നമ്മുടെ കൺവെൻഷനുകളുടെ പ്രധാന ലക്ഷ്യം വിശ്വാസ സമൂഹത്തിന്റെ ആത്മീയ വർദ്ധനവ് തന്നെയാണ്.

വൻതോതിൽ പണം മുടക്കി വലിയ അധ്വാനത്തോടെ നടത്തുന്ന നമ്മുടെ കൺവെൻഷനുകൾ കഴിയുമ്പോൾ എന്ത് തരം ആത്മീയ വർദ്ധനവാണ് നമുക്ക് ഉണ്ടായതെന്ന് പരിശോധിക്കേണ്ടതല്ലേ? വിശ്വാസികളെ ആത്മീയമായി ഉറപ്പിക്കുകയും ആശ്വസിപ്പിക്കുകയും തിരുത്തുകയും ഒക്കെ ചെയ്യേണ്ടതിനു പകരമായി കുറച്ച് വിവാദങ്ങൾ മാത്രം അവശേഷിപ്പിച്ചു കൊണ്ട് കൺവെൻഷനുകൾ പര്യവസാനിക്കുന്നത് വളരെ ദുഃഖകരമല്ലേ?

നമ്മുടെ കൺവെൻഷനുകളിൽ പ്രസംഗിക്കുന്നവർ പറയാൻ പാടില്ലാത്ത കാര്യങ്ങൾ പറയുകയും പറയേണ്ട കാര്യങ്ങൾ പറയാതിരിക്കുകയും ചെയ്യുന്നത് കൊണ്ട് വലിയ പരിക്കുകൾ ആണ് നമ്മുടെ ആത്മീയ മണ്ഡലത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്.

ആദ്യം നമുക്ക് നമ്മുടെ ആത്മീയ സമ്മേളനങ്ങളിൽ പറയാൻ പാടില്ലാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം.വിശ്വാസികൾ തമ്മിലും നേതാക്കന്മാർ തമ്മിലും പരസ്പരം വിദ്വേഷം ജനിപ്പിക്കുന്ന കാര്യങ്ങൾ കൺവെൻഷനുകളിൽ സൂചിപ്പിക്കുക പോലും ചെയ്യരുത്.



അതുപോലെ സ്വന്ത പാരമ്പര്യവും കുടുംബമഹാത്മ്യവും കൺവെൻഷനുകളിൽ വിളമ്പുന്നത് ശരിയായ കാര്യമല്ല. കാര്യമാത്ര പ്രസക്തമായി ഒന്നും പറയാതെ കേൾവിക്കാർക്ക് അടുത്ത മണിക്കൂറിൽ പോലും ഓർത്തിരിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ വലിയ ഉച്ചത്തിൽ പലപ്രാവശ്യം പറയേണ്ട ആവശ്യമില്ല. കൃപയുള്ള ശുശ്രൂഷ എന്ന് വരുത്തി തീർക്കാൻ വേണ്ടി നമ്മളായിട്ട് ഒന്നും കാണിച്ചു കൂട്ടരുത്. വെറും ഷോ എന്ന് യുവതലമുറ കണക്കാക്കാൻ സാധ്യതയുള്ള ,ആത്മാർത്ഥതയില്ലാത്ത, കൃത്രിമ ശൈലി പ്രാസംഗികർ ഉപയോഗിക്കരുതെ എന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ നമ്മുടെ യുവാക്കളെ അവരുടെ വസ്ത്രധാരണരീതി വെച്ചും തലമുടിയുടെ ആകൃതിയുടെ അടിസ്ഥാനത്തിലും മറ്റും പരസ്യമായി അപമാനിച്ചാൽ അത് അവരെ ആത്മീയ ജീവിതത്തിൽ നിന്നുതന്നെ അകറ്റി കളയാൻ മാത്രമേ ഇടയാക്കുകയുള്ളൂ. ഇത്തരം കാര്യങ്ങളൊക്കെ പകൽ മീറ്റിങ്ങുകളിലെ ബൈബിൾ ക്ലാസുകളിൽ പറയാവുന്നതാണ്.

അതുപോലെതന്നെ വളരെ ആത്മാർത്ഥമായും നിഷ്കളങ്കമായും കർത്താവിന്റെ വേല ചെയ്യുന്ന സാധാരണക്കാരായ ശുശ്രൂഷകൻമാരെയും അവരുടെ ഭാര്യമാരെയും കുടുംബാംഗങ്ങളെയും അപമാനിക്കുന്ന തരത്തിൽ വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്ന മട്ടിൽ തട്ടിവിടുന്നത് സുവിശേഷവേലയ്ക്ക് വലിയ ക്ഷീണം ചെയ്യും.

സുവിശേഷവേലയ്ക്ക് എന്നും കൈത്താങ്ങായി നിലകൊള്ളുന്ന ശുശ്രൂഷകന്മാരുടെ ഭാര്യമാരെ അഭിനന്ദിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, ചേർത്തുപിടിക്കുകയും ചെയ്യുന്ന വാക്കുകൾ മാത്രമേ നമ്മൾ പൊതു സ്റ്റേജുകളിൽ പറയാൻ പാടുള്ളൂ..

നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിനെ കുറിച്ച് നൂറ്റാണ്ടുകൾ പ്രസംഗിച്ചാലും തീരാത്ത അത്ര പ്രസംഗ വിഷയങ്ങൾ നമ്മുടെ മുന്നിൽ ഉള്ളപ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ സ്റ്റേജിൽ ഇട്ട് അലക്കുന്നത് ഏതായാലും പരിശുദ്ധാത്മ നിറവിൽ അല്ല എന്ന കാര്യം ഉറപ്പാണ്.

വചനം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഏതൊരു പ്രാസംഗികനും പൊതുജനമധ്യേ വചനം ശുശ്രൂഷിക്കുന്നതിന് ഒരിക്കലും ഒരു മുട്ടും വരികയില്ല.ജനറൽ കൺവെൻഷൻ മുതൽ പരസ്യ യോഗങ്ങളിൽ വരെ നൽകാവുന്ന സന്ദേശങ്ങൾ ധാരാളമുണ്ടല്ലോ? ഉദാഹരണത്തിന് താഴെ കൊടുത്തിരിക്കുന്ന ഓരോ വിഷയങ്ങളിലും ചുരുങ്ങിയത് പത്ത് സന്ദേശങ്ങൾ നമുക്ക് തയ്യാറാക്കാവുന്നതേയുള്ളൂ.

ഈ ലോകത്തിന് ദൈവം നൽകിയ ഏറ്റവും വലിയ ഗിഫ്റ്റ് ആണ് കർത്താവായ യേശുക്രിസ്തു . യോഹ 3:16.

പുത്രൻ തമ്പുരാൻ ജഡശരീരം എടുത്തത് എന്തിന്? എങ്ങനെ?

ക്രിസ്തു മാർഗത്തിന്റെ കാലിക പ്രസക്തി, ക്രിസ്തു മാർഗ്ഗത്തിന്റെ ശ്രേഷ്ഠത.

പാപരഹിതനായ, പാപം പോക്കാൻ കഴിവുള്ള ക്രിസ്തു.

സ്നേഹ മൂർത്തിയായ ക്രിസ്തു.

യേശുവിന്റെ താഴ്മ , മഹാ പരിത്യാഗം. ധഫിലിപ്പിയർ രണ്ടാം അദ്ധ്യായംപ.

യേശുക്രിസ്തു : അതുല്യനായ ഗുരു.

യേശുക്രിസ്തു :മാനവരിൽ മഹോന്നതൻ.ഏതുകാലത്തും ഏതു ദേശത്തും ഏത് ജനതയ്ക്കും മാതൃകാ പുരുഷൻ.

ചരിത്രത്തിലെ ഏറ്റവും വലിയ പെനാൽറ്റി ധമറുവില പ കൊടുത്ത വ്യക്തി: യേശുക്രിസ്തു.

ഏറ്റവും യുക്തിപരവും വിശ്വസനീയവുമായ രക്ഷാമാർഗ്ഗം -ക്രിസ്തു മാർഗം.

.യേശുക്രിസ്തു : ലോകത്തിന്റെ ലൈറ്റ് ഹൗസ്.

യേശുക്രിസ്തു : ജീവൻറെ അപ്പം. ധഎല്ലാ അന്വേഷണങ്ങളുടെയും അവസാനംപ.

യേശുക്രിസ്തു : ഏറ്റവും വലിയ ആശ്വാസ ദായകൻ, കൗൺസലർ.

യേശുക്രിസ്തു : ഏറ്റവും വലിയ സോഷ്യലിസ്റ്റ്.

യേശുക്രിസ്തു : ലോകത്തിന്റെ ആന്റിവെനം.


ധസകല പ്രശ്നങ്ങൾക്കും മറുപടി.

അതിശ്രേഷ്ഠനായ , അതുല്യനായ യേശുക്രിസ്തുവിനെ കുറിച്ച് ആയിരം വർഷം പ്രസംഗിച്ചാലും മതി വരില്ല ,കൊതി തീരില്ല .പിന്നെന്തിനാണ് സ്റ്റേജിൽ കയറി ചിലർ പിച്ചും പേയും പറയുന്നത്? വചനം ശുശ്രൂഷിക്കുന്നവർ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട്,ജനത്തെ ഉറപ്പിക്കുന്ന ധൈര്യപ്പെടുത്തുന്ന, തിരുത്തുന്ന സന്ദേശങ്ങൾ നൽകുവാൻ സർവ്വശക്തൻ അവരെ സഹായിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

## ബലാത്സംഗക്കേസിന് പിന്നാലെ വീട് പൊളിച്ചു, ജയിൽ വാസവും; നാല് വർഷത്തിന് ശേഷം കുറ്റവിമുക്തൻ

രാജ്ഗഢ്:ബലാത്സംഗക്കേസിൽ പ്രതിയാക്കപ്പെട്ടതിന് പിന്നാലെ അധികൃതർ ഇടപെട്ട് വീടുൾപ്പെടെ പൊളിച്ച വ്യക്തിയെ കുറ്റവിമുക്തനാക്കി കോടതി.

മധ്യപ്രദേശിലെ രാജ്ഗഢ് സ്വദേശിയും മുൻ വാർഡ് കൗസിലറുമായ ഷഫീക് അൻസാരി എന്നയാളെയാണ് നാല് വർഷങ്ങൾക്ക് ശേഷം കോടതി കുറ്റവിമുക്തനാക്കിയത്. അൻസാരിക്കെതിരായ പരാതി കെട്ടിചമച്ചതാണെന്ന് ചൂണ്ടിക്കാട്ടിയാണ് രാജ്ഗഢ് അഡീഷണൽ സെഷൻസ് ജഡ്ജിന്റെ ഉത്തരവ്. അൻസാരിയോടുള്ള മുൻ വൈരാഗ്യത്തിന്റെ പേരിലാണ് പരാതി നൽകിയതെന്ന് വിലയിരുത്തുന്നതായും കോടതി വ്യക്തമാക്കി.




കേസ് രജിസ്റ്റർ ചെയ്തതിന് പിന്നാലെ പ്രതിയുടെ വീട് ഇടിച്ചു നിരത്തിയ നടപടിയാണ് കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ചർച്ചയാകുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ബുൾഡോസർ രാജ് നേരത്തെ തന്നെ വ്യാപമായി വിമർശനം ഏറ്റുവാങ്ങിയിരുന്നു.

അൻസാരിയെ കേസിൽ പ്രതിചേർത്തതിന്റെ പത്താം നാളിലാണ് അനധികൃത നിർമാണം എന്ന് ചൂണ്ടിക്കാട്ടി അധികൃതർ അദ്ദേഹത്തിന്റെ വീട് ഇടിച്ചു നിരത്തിയത്. നിലവിൽ സഹോദരന്റെ വീട്ടിലാണ് അൻസാരിയും കുടുംബവും കഴിയുന്നത്.

അതേസമയം, ലഹരി അൻസാരിയും അയൽ വാസികളും നൽകിയ പരാതിയുടെ പേരിൽ ഉണ്ടായ നടപടിയുടെ പ്രതികാരമാണ് ബലാത്സംഗ ആരോപണം എന്നാണ് ഉയരുന്ന ആക്ഷേപം.

## ഐപിസി അയർലണ്ട് & ഇയു റീജിയണൽ കോൺഫറൻസ്

അയർലണ്ട് : ഐപിസി അയർലണ്ട് & ഇ യു റീജിയന്റെ റീജിയണൽ കോൺഫറൻസും ഓർഡിനേഷൻ സർവീസും മാർച്ച് 1 ന് ലവ് ഓഫ് ക്രൈസ്റ്റ് ഐപിസി ചർച്ചിന്റെ നേതൃത്വത്തിൽ ബാലിഡെഫ് കമ്മ്യൂണിറ്റി സെന്റർ വാട്ടർ ഫോർഡിൽ വച്ചു നടക്കുന്നു.




രാവിലെ 10 ന് ആരംഭിക്കുന്ന മീറ്റിംഗിൽ ഐപിസി അയർലണ്ട് & ഇയു റീജിയൻ പ്രസിഡന്റ് പാസ്റ്റർ സി റ്റി എബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ ജിജി എം വർഗീസ്, സെക്രട്ടറി പാസ്റ്റർ സാനു പി മാത്യു, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷൈൻ മാത്യു, ട്രഷറർ ബ്രദർ രാജൻ ലൂക്കോസ് എന്നിവർ പങ്കെടുക്കും.




Printed & Published by K.N.Russel, Chraisthava Chintha, Panayakkazhippu Road, Nagampadom, Kottayam 1, Printed at Mayur Printers, S.H. Mount, Choottuvely, Kottayam & published at Kottayam. Owned by: K.P.John and K.N.Russel. Editor: K.N.Russel. Typesetting: Art Windows, Pbvr